
മാധ്യമം ● ഞായർ ● 15 ഒക്ടോബർ 2017 ● ലക്കം 1533

# വാരാദ്യ മാധ്യമം

varadyam@madhyamam.in



സ്വപ്നങ്ങളുടെ ശവപ്പറമ്പിൽനിന്ന് 04




അബ്ദുൽ വാഹിദ് ശൈഖ് ● ചിത്രം: പ്രകാശ് കരിമ്പ

# നിരപരാധികൾ

**7/11 മുംബൈ ട്രെയിൻ സ്ഫോടനക്കേസിൽ ഒമ്പതു വർഷം ജയിലിൽ കഴിഞ്ഞ് നിരപരാധിയെന്ന് കണ്ട് കോടതി വെറുതെവിട്ട അബ്ദുൽ വാഹിദ് ശൈഖ് ജീവിതം പറയുന്നു**

അബ്ദുൽ വാഹിദ് ശൈഖ് / കെ.എം. റഷീദ്

എഴുത്തുകാരനാകാൻ കൊതിച്ച്, പിന്നീട് ജയിലിലായി, ഒടുവിൽ നിയമത്തിന്റെ അനീതികൾക്കെതിരെ പുസ്തകമെഴുതി പുറത്തിറങ്ങിയ യുവാവിന്റെ കഥ. മുംബൈക്കാരനായ അബ്ദുൽ വാഹിദ് ശൈഖിന്റെ ജീവിതമാണിത്. 2006 ജൂലൈ 11 മുംബൈ ട്രെയിൻ സ്ഫോടനക്കേസിൽ സിമി ബന്ധം ആരോപിച്ച് അറസ്റ്റിലായ 13 പേരിൽ ഒരാൾ. ഒമ്പതു വർഷത്തെ ജയിൽവാസത്തിനുശേഷം, നിരപരാധിയെന്നു കണ്ട് അദ്ദേഹത്തെ കോടതി വെറുതെവിട്ടു. 28ാം വയസ്സിൽ ജയിലിലടക്കപ്പെട്ട അദ്ദേഹം മോചിതനാകുമ്പോൾ വയസ്സ് 37. യൗവനത്തിന്റെ നീണ്ട വസന്തകാലം തടവറയിൽ പൊലിഞ്ഞിട്ടും നിയമവും മനുഷ്യാവകാശങ്ങളും സന്നദ്ധപ്രവർത്തനവും വരെ പഠിച്ച്, ശേഷിക്കുന്ന 12 പേരുടെകൂടി മോചനത്തിനുവേണ്ടി പോരാടുന്ന മനുഷ്യൻ. മുംബൈ സ്ഫോടനക്കേസിലെ ഗൂഢാലോചന സംബന്ധിച്ച് ജയിലിൽനിന്ന് പൂർത്തിയാക്കിയ ‘ബേഗുനാ ഖൈദി’ (നിരപരാധിയായ തടവുകാരൻ) പുസ്തകത്തിന്റെ പ്രചാരണത്തിന് അദ്ദേഹം കേരളത്തിലെത്തി. സംഭവബഹുലമായ ജീവിതം പറയുകയാണ് അദ്ദേഹം.

## എഴുത്തുകാരനാകാൻ കൊതിച്ച ബാല്യം

1978 ജൂൺ 19ന് മുംബൈയിലെ പുണെയിലാണ് അബ്ദുൽ വാഹിദ് ശൈഖിന്റെ ജനനം. ഫാക്ടറി തൊഴിലാളിയായ പിതാവ് ദീൻ മുഹമ്മദ് ശൈഖിന്റെയും മുംതാസിന്റെയും മൂത്തമകൻ. പഠനത്തിൽ മിടുക്കനായിരുന്നു. കുടുംബത്തിലെ ഏറ്റവും വിദ്യാഭ്യാസമുള്ള ആൾ. എസ്.എസ്.എൽ.സി മുതൽ ബിരുദാനന്തരബിരുദം വരെ പരീക്ഷകളിൽ എല്ലാം ഫസ്റ്റ് ക്ലാസ് വിജയം. സയൻസ് ബിരുദവും ഡി.എഡും നേടി 1999ൽ മുംബൈയിലെ അൻജുമൻ ഇസ്‍ലാം ഹൈസ്കൂളിൽ അസി. സയൻസ് അധ്യാപകനായി. പിന്നീട്, ഉർദുവിൽ പി.ജി നേടി. തുടർന്ന്, ഉർദു കവി അബുൽ മുജാഹിദ് സാഹിദിന്റെ കവിതകളെക്കുറിച്ചുള്ള എം.ഫിൽ പഠനത്തിന് ചേരാനിരിക്കെയാണ് അറസ്റ്റ്.

വീടിനു സമീപത്തെ പള്ളി പ്രസിഡന്റുമായുള്ള വാക്തർക്കമാണ് തന്റെ ജീവിതം മാറ്റിമറിച്ചതെന്ന് വാഹിദ് ഓർക്കുന്നു. 2001ലായിരുന്നു അത്. പള്ളി പ്രസിഡന്റ് പരാതി കൊടുത്തു. സ്റ്റേഷനിൽ വിളിപ്പിച്ചു. പ്രശ്നം പറഞ്ഞുതീർത്തു. പക്ഷേ, പള്ളി പ്രസിഡന്റ് അത് ശത്രുതയായി എടുത്തു. എങ്ങനെയെങ്കിലും അകത്താക്കണം. പൊലീസ് ഇൻഫോർമറായിരുന്നു അയാൾ. മൂന്ന് ആഴ്ചക്കുശേഷം കേന്ദ്ര സർക്കാർ സിമിയെ നിരോധിച്ചപ്പോൾ ഇതൊരു അവസരമായി അയാൾ എടുത്തു. ഞാൻ സിമി പ്രവർത്തകനാണെന്ന് പൊലീസിനെ തെറ്റിദ്ധരിപ്പിച്ചു. സിമിയുടെ പേരിൽ വിദ്യാസമ്പന്നരായ മുസ്‍ലിം യുവാക്കളെ അറസ്റ്റ് ചെയ്യാൻ പരക്കംപായുകയായിരുന്നു പൊലീസ്. സെപ്റ്റംബർ 27ന് പ്രദേശത്തുനിന്ന് ഞാനടക്കം എട്ടു പേരെ അറസ്റ്റ് ചെയ്തു. രാത്രി ഒമ്പതിന് ഇതേ പള്ളിയിൽ നമസ്കാരത്തിന് പോയപ്പോഴാണ് സംഭവം. പള്ളിയിൽനിന്ന് ഇറങ്ങിയപ്പോൾ പുറത്ത് പൊലീസ്. കണ്ടപാടെ അവർ എന്റെ കോളറിൽ പിടിച്ചു. സ്റ്റേഷനിലേക്ക് വരാൻ പറഞ്ഞു. ഞാൻ ചോദിച്ചു: “എന്തിനാണ് എന്നെ കൊണ്ടുപോകുന്നത്?” അവർ പറഞ്ഞു: “ചെറിയ ചില വിവരങ്ങൾ അറിയാനാണ്. 15 മിനിറ്റിനുശേഷം പോകാം”.

സ്റ്റേഷനിൽ എത്തിയ ഉടൻ ലോക്കപ്പിൽ അടച്ചു. അടുത്ത ദിവസം മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കി. രണ്ടു മാസം താണെ ജയിലിൽ കഴിഞ്ഞശേഷം ജാമ്യത്തിൽ പുറത്തിറങ്ങി. ആറു മാസം കഴിഞ്ഞ് കുറ്റപത്രം കിട്ടിയപ്പോഴാണ് സിമിയുടെ പേരിലാണ് അറസ്റ്റിലായതെന്ന് ഞാൻ അറിയുന്നത്. 2011ൽ ഈ കേസിൽ വെറുതെവിട്ടെങ്കിലും പിന്നീട് എവിടെ സ്ഫോടനമോ കലാപമോ ഉണ്ടായാലും പൊലീസ് എന്നെ തേടിവരാൻ തുടങ്ങി.

2003ൽ ഇന്ത്യാഗേറ്റിൽ സ്ഫോടനം നടന്നപ്പോഴായിരുന്നു, അടുത്തത്. മൂന്നു ദിവസം നീണ്ട ചോദ്യംചെയ്യൽ, മൊഴിയെടുക്കൽ, അസഭ്യവർഷം, മർദനം, പീഡനം. ഒടുവിൽ വീണ്ടും വെറുതെവിട്ടു. പിന്നീട് പലപ്പോഴും ഇതാവർത്തിച്ചു. എന്നെ ചോദ്യംചെയ്യൽ പൊലീസിന്റെ സ്ഥിരം പണിയായി. അറസ്റ്റ് ചെയ്യും. വെറുതെവിടും. പല തവണ. ഒരു രേഖയും ഉത്തരവുമില്ലാതെ ദിവസങ്ങളോളം തടവിൽവെച്ചു.

ഒരു കോടതിയിലും ഹാജരാക്കിയില്ല. ഒരു ഡോക്ടറുടെ അടുത്തും കൊണ്ടുപോയില്ല. ഇതൊന്നും എവിടെയും പറയരുത്, ഒരു രാഷ്ട്രീയ നേതാവിനെയും വിഷയത്തിൽ ഇടപെടീക്കരുത് എന്ന് ഭീഷണിപ്പെടുത്തി.

## 7/11 സ്ഫോടന പരമ്പര

ഒരു ചൊവ്വാഴ്ച. വൈകീട്ട് ആറരയോടെ മുംബ്രയിലെ ഫ്ലാറ്റിൽ ടി.വി വാർത്ത കാണുകയായിരുന്നു. പെട്ടെന്ന് ബ്രേക്കിങ് ന്യൂസ് വരുന്നു. മുംബൈയിൽ സ്ഫോടന പരമ്പര. അടുത്ത ദിവസം സാധാരണപോലെ ഞാൻ അധ്യാപകനായ അൻജുമൻ ഇസ്‍ലാം ഹൈസ്കൂളിൽ ജോലിക്ക് പോയി. പക്ഷേ, പൊലീസ് സ്കൂളിൽ എത്തി. സ്റ്റേഷനിലേക്ക് കൊണ്ടുപോയി. ലോക്കപ്പിലിട്ട് ക്രൂരമായി മർദിച്ചു. പല കടലാസുകളിൽ ഒപ്പിടീച്ചു. 12 മണിക്കൂറിനുശേഷം വിട്ടയച്ചു. കെണി അവിടെ തീരുന്നില്ലായിരുന്നു. 29 സെപ്റ്റംബർ 2006 വെള്ളിയാഴ്ച രാവിലെ ഒമ്പതിന് പൊലീസിന്റെ ഫോൺ. അടിയന്തരമായി സ്റ്റേഷനിൽ വരണം. ഞാൻ പറഞ്ഞു: നിങ്ങൾ പറയുന്നതുപ്രകാരം ഓരോ ദിവസവും ഞാൻ സ്റ്റേഷനിൽ ഹാജരാകുന്നുണ്ട്. എന്തിനാണ് ഇത്ര രാവിലെ സ്റ്റേഷനിൽ വരുന്നത്? വെള്ളിയാഴ്ച ജുമുഅ കഴിഞ്ഞിട്ട് വന്നാൽ പോരേ? അവർ പറഞ്ഞു: വളരെ അത്യാവശ്യമാണ്. ചില ഫോട്ടോകളിലുള്ളവരെ തിരിച്ചറിയാനാണ്. ഞാൻ സ്റ്റേഷനിൽ എത്തിയ ഉടൻ മുഖംമൂടിയിട്ടു. കൈയിൽ ആമമിട്ടു. ഇതോടെയാണ് അറസ്റ്റിലായെന്ന് ഞാൻ മനസ്സിലാക്കിയത്. പക്ഷേ, എന്ത് കാര്യത്തിനാണ് എന്നെ അറസ്റ്റ് ചെയ്തതെന്ന് ഈ നിമിഷം വരെ എനിക്ക് അറിയില്ല.

ഏതു കുറ്റമാണ്, ഏതു വകുപ്പ് അനുസരിച്ചാണ് കേസ് ഇതൊന്നും പൊലീസ് ഒരിക്കലും പറഞ്ഞില്ല. ലോക്കപ്പിൽ കയറ്റി നിരന്തരം മർദിച്ചു. ഒരു ഡോക്ടറുടെ മുന്നിൽ ഹാജരാക്കി. പക്ഷേ, ഒരു വാക്കുപോലും പറയാൻ അനുവദിച്ചില്ല. കോടതിയിലും ഒരക്ഷരം മിണ്ടരുതെന്ന് ഭീഷണിപ്പെടുത്തി. പൊലീസിനെതിരെ പരാതി പറഞ്ഞാൽ ഇതിനേക്കാൾ കടുത്ത മർദനമായിരിക്കുമെന്നായിരുന്നു മുന്നറിയിപ്പ്. പേടി കാരണം ഞാൻ ആരോടും ഒന്നും പറഞ്ഞില്ല. 30 ദിവസം പൊലീസ് കസ്റ്റഡി സമ്പൂർണ മർദനമായിരുന്നു. ശേഷം ആർതർ ജയിലിലേക്ക് അയച്ചു.

ഗേറ്റ് കടന്നപ്പോൾതന്നെ അടി തുടങ്ങി. വസ്ത്രങ്ങൾ അഴിച്ചുമാറ്റി ഇരുണ്ട മുറിയിൽ ഇരുത്തി. ആരോടും സംസാരിക്കാൻ അനുവദിച്ചില്ല. അടിയേറ്റ് ഒരു ദിവസം എന്റെ ഷർട്ടിലും പാൻറ്സിലും രക്തം പുരണ്ടു. 15 ദിവസത്തിനുശേഷമാണ് ചികിത്സ ലഭിച്ചത്. മൂന്നാംമുറ വരെയുള്ളതടക്കം മർദനങ്ങൾ നടത്തി. സഹിക്കാനാകാത്ത വിധത്തിൽ, വേദനാജനകമായ മർദനങ്ങൾ. ക്രൂരമായി മർദിച്ചശേഷം കോടതിയിൽ ഹാജരാക്കുമ്പോൾ ശരീരമാകെ മൂടും. പരിക്കുകൾ ആരും കാണാതിരിക്കാൻവേണ്ടി.

ഓരോ തവണ മർദിക്കുമ്പോഴും മുംബൈ ഭീകരവിരുദ്ധ സേന (എ.ടി.എസ്) ഉദ്യോഗസ്ഥരുടെ ആവശ്യം ഇതായിരുന്നു; കുറ്റം സമ്മതിക്കുക. 25 ലക്ഷം രൂപ തരാം. ഫ്ലാറ്റ്. സിനിമാനടിയെ തരാം. പറഞ്ഞതുപോലെ ചെയ്തില്ലെങ്കിൽ ജയിലിനകത്ത് ശരിയാക്കും. ജയിൽ സൂപ്രണ്ട് സ്വാതി സാഠേ ആയിരുന്നു മർദനങ്ങൾക്ക് നേതൃത്വം നൽകിയത്. ജയിലിൽ മൂന്നു തരത്തിലുള്ള മർദനങ്ങളുണ്ട്. വടിയോ ബെൽറ്റോ ഊരിയുള്ള അടിയാണ് ഒന്നാം ഘട്ടം. തുടർന്ന് അസഭ്യവർഷങ്ങളാകും. മതം, ഖുർആൻ, കുടുംബാംഗങ്ങൾ എന്നിവരെക്കുറിച്ച് തെറിവിളിക്കും. കേസിൽ ഉൾപ്പെട്ട മറ്റുള്ളവരുടെ മുന്നിലും മർദിക്കും. അവരെക്കൂടി ഭയപ്പെടുത്താനാണിത്.

വാതിലടച്ച് ഹൈ വോൾട്ടേജ് എ.സിയുള്ള മുറിയിൽ ഇരുത്തിയാണ് രണ്ടാം ഘട്ടം. ഇരിക്കാനോ ബാത്ത്റൂമിൽ പോകാനോ ഭക്ഷണം കഴിക്കാനോ അനുവദിക്കില്ല. പല ദിവസങ്ങൾ ഇരുട്ടുമുറിയിൽ. ചുമരിൽ കെട്ടിത്തൂക്കും. കാലുകൾ 180 ഡിഗ്രിയിൽ വിസ്താരത്തിൽ അകറ്റി പിറകിൽ ഓയിൽ കുത്തിവെക്കും. ഇതോടെ ശരീരം പൊള്ളിത്തിളക്കും. സ്വകാര്യ ഭാഗങ്ങളിൽ ഷോക്കടിപ്പിക്കും. തുടർന്ന് നിലത്ത് കിടത്തും. ഇതോടെ മലദ്വാരത്തിലൂടെ രക്തം ധാരധാരയായി ഒഴുകും. ടേബിളിൽ കിടത്തി മുഖത്ത് ഒരു തൂവാല കെട്ടിയാണ് മൂന്നാം ഘട്ടം. വെള്ളം മൂക്കിലേക്ക് ശക്തിയായി അടിക്കും. ശ്വാസംമുട്ടി മരിക്കുകയാണെന്ന് തോന്നും. കുറ്റസമ്മതമാണ് ഈ മർദനങ്ങളുടെയെല്ലാം ഉദ്ദേശ്യം. പല പേപ്പറുകളിൽ ഒപ്പിടാൻ നിർബന്ധിച്ചു. പക്ഷേ, എന്താണ് പേപ്പറിൽ എഴുതിയിരിക്കുന്നത് എന്ന് കാണിക്കില്ല. നാലു ദിവസം തുടർച്ചയായുള്ള മർദനം. പക്ഷേ, ഞാൻ വഴങ്ങിയില്ല. ഒരു ഘട്ടം എത്തിയപ്പോൾ അവർ മർദനം നിർത്തി.

എന്റെ സ്ഥൈര്യംകൊണ്ടൊന്നുമല്ല ഇതെന്ന് പിന്നീടാണ് മനസ്സിലായത്. കേസിന് ഒറിജിനാലിറ്റി തോന്നിക്കാനാണ്. മറ്റുള്ളവരൊക്കെ സ്വമേധയാ കുറ്റം സമ്മതിച്ചെന്നും ഒരാൾ വിസമ്മതിച്ചെന്നും സ്ഥാപിക്കുക. പകരം എനിക്കെതിരെ ഒരു സാക്ഷി മതിയാകും എന്ന് അവർ കരുതി. എന്റെ ബന്ധുവായ മഹ്മൂദ് ഖുറൈശിയെ ഭീഷണിപ്പെടുത്തി എനിക്കെതിരെ കോടതിയിൽ സാക്ഷി പറയിച്ചു. മറ്റുള്ളവരുടെ കുറ്റസമ്മതവും എനിക്കെതിരായ സാക്ഷിയുമായിരുന്നു കേസിലെ ആകെ തെളിവ്. മർദിച്ച് അവശനാക്കിയശേഷം തള്ളവിരൽ മുദ്രപ്പേപ്പറുകളിൽ ബലമായി പതിപ്പിക്കുകയായിരുന്നു.

## മനോനില തെറ്റുന്നു

മർദനവും ഏകാന്തതയും സഹിക്കാൻ കഴിയാതെ ഞാൻ മനോരോഗിയായിത്തീർന്നു. ഡോക്ടറെ കാണിച്ചു. പക്ഷേ, മരുന്നുകൾ ഞാൻ കഴിക്കാതെ പുറത്തേക്ക് വലിച്ചെറിഞ്ഞുകളഞ്ഞു. അവ കഴിച്ചിരുന്നെങ്കിൽ ഞാൻ പൂർണമായി മനോരോഗിയാവുമായിരുന്നു. ദൈവവിശ്വാസമാണ് എന്നെ രക്ഷിച്ചത്. ആദ്യമൊന്നും നമസ്കാരത്തിനും ഖുർആൻ പാരായണത്തിനും അവസരമുണ്ടായിരുന്നില്ല. ഉന്നത ഉദ്യോഗസ്ഥർക്ക് പരാതി നൽകുകയും പത്രങ്ങളിലൊക്കെ വാർത്ത വരുകയും ചെയ്തതോടെയാണ് പരിഹാരമുണ്ടായത്.

പതിയെപ്പതിയെ ജീവിതം ഞാൻ വീണ്ടെടുക്കാൻ തുടങ്ങി. ഒഴിവുസമയം മുഴുവൻ ഞാൻ പത്രവായനയിൽ കഴിച്ചുകൂട്ടി. ഭാര്യക്കും കുടുംബാംഗങ്ങൾക്കും കത്തെഴുതും. ഒരു ദിവസം മുപ്പതും നാൽപതും അറുപതും പേജുള്ള കത്തുകൾ എഴുതി. അങ്ങനെ ആയിരക്കണക്കിന് പേജുകളാണ് ഞാൻ ഭാര്യക്ക് എഴുതിയിരുന്നത്. കത്തുകൾപോലും പരിശോധിക്കും. ജയിലധികൃതരെപ്പറ്റിയുള്ള പരാതികളാണെങ്കിൽ സെൻസർ ചെയ്തേ വിടൂ. അങ്ങനെ അക്ഷരങ്ങളെ പതിയെ തിരിച്ചുപിടിക്കാൻ തുടങ്ങി. ഉർദുവിൽ എം.ഫിൽ നഷ്ടമായതിന്റെ വിഷമം മനസ്സിലുണ്ടായിരുന്നു. ഗൈഡ് ആവശ്യമായതിനാൽ അത് ജയിലിൽ നടക്കില്ല. ഇഗ്നോയിൽ ഇംഗ്ലീഷ് ബിരുദാനന്തര ബിരുദത്തിന് ചേർന്നു. മനുഷ്യാവകാശം, ഡിസാസ്റ്റർ മാനേജ്മെന്റ്, ജേണലിസം, ഇംഗ്ലീഷ് ടീച്ചിങ് എന്നിവയിൽ പി.ജി ഡിപ്ലോമകൾ ചെയ്തു. എല്ലാറ്റിലും ഫസ്റ്റ് ക്ലാസോടെ വിജയിച്ചു. ഇപ്പോൾ എൽഎൽ.ബി അവസാന വർഷ വിദ്യാർഥിയാണ്.

## കെട്ടിച്ചമക്കലുകൾ

കുറ്റവാളികളായ ആറു പാകിസ്താനികൾക്ക് അഭയം നൽകിയെന്നതായിരുന്നു എനിക്കെതിരായ കേസ്. പാകിസ്താനികൾ അതിർത്തി കടന്ന് മുംബ്ര, മിറാ റോഡ്, ബോംബെ എന്നിവിടങ്ങളിൽ തങ്ങിയത്രെ. ബോംബ് വെച്ചശേഷം പാകിസ്താനിലേക്കും ബംഗ്ലാദേശിലേക്കും പോയി. എന്നാൽ, കേസ് എ.ടി.എസിന്റെ ഭാവനാവിലാസം മാത്രമാണെന്ന് കുറ്റപത്രം വായിച്ചപ്പോൾ മനസ്സിലായി.

ലശ്കറെ ത്വയ്യിബയാണ് സ്ഫോടനം നടത്തിയത് എന്നായിരുന്നു പൊലീസിന്റെ ആദ്യ വാദം. പിന്നീട് ഇന്ത്യൻ മുജാഹിദീൻ ആണെന്നായി. ഒരു തവണ മുംബൈ ക്രൈംബ്രാഞ്ച് ഇന്ത്യൻ മുജാഹിദീനാണ് കൃത്യം ചെയ്തതെന്ന് ചാർജ് ഷീറ്റിൽ എഴുതുകയും കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. മുംബൈ പൊലീസ് കമീഷണറും എ.ടി.എസ് തലവനുമായ രാകേശ് മാരിയ 2008ൽ പറഞ്ഞു, ബോംബ് സ്ഫോടനം നടത്തിയത് ഇന്ത്യൻ മുജാഹിദീനാണ്. 2005 മുതൽ നടന്ന എല്ലാ സ്ഫോടനങ്ങളും ഇവരാണ് നടത്തിയത് എന്നും കൂട്ടിച്ചേർത്തു. ഈ വാദം അംഗീകരിക്കാൻ കോടതി തയാറായില്ല. ഇതോടെ കൈയിലുള്ള സിമി പേരുകൾ ഉപയോഗിച്ച് നിരപരാധികളെ കുരുക്കുകയായിരുന്നു പൊലീസ്. ആശുപത്രികളടക്കം ഈ ഗൂഢാലോചനയുടെ ഭാഗമായിരുന്നു. സെൽ മർദനശേഷം മുംബൈയിലെ കെ.ഇ.എം ആശുപത്രിയിലാണ് ഞങ്ങളെ ഹാജരാക്കിയിരുന്നത്. പക്ഷേ, ഒരു ഡോക്ടറും പരിശോധിച്ചിരുന്നില്ല. മുഖംമൂടി ധരിപ്പിച്ചാണ് കൊണ്ടുപോവുക. ഭീകരവാദികളായതിനാൽ ശരീരം പരിശോധിക്കേണ്ടതില്ല എന്ന് പൊലീസ് ഡോക്ടർമാരെ തെറ്റിദ്ധരിപ്പിച്ചു.

നാർകോ അനാലിസിസ് നടത്തിയ ഡോ. എസ്. മാലിനി സ്ട്രെച്ചറിൽ കിടക്കുമ്പോൾ ഭീഷണിപ്പെടുത്തുകയായിരുന്നു. എന്നെ അടിച്ചു. കാതുകളിൽ പോറലേൽപിച്ചു. നാർകോ ടെസ്റ്റ് മുഴുവൻ കള്ളത്തരമായിരുന്നു. പേരെന്താണ്? എവിടെയാണ് ഫ്ലാറ്റ് എന്നെല്ലാം ചോദിച്ചു. മറുപടി പറഞ്ഞു. എത്ര പാകിസ്താനികൾ വന്നു എന്നു ചോദിച്ചു. അറിയില്ലെന്ന് പറഞ്ഞു. ആറ് പാകിസ്താനികൾ അല്ലേ? എന്നായിരുന്നു അടുത്ത ചോദ്യം. എന്റെ വാക്കുകൾ എഡിറ്റ് ചെയ്ത് ആറ് പാകിസ്താനികൾ വീട്ടിൽ വന്നു എന്നാക്കി. പിന്നീട് ടി.വി എങ്ങനെയാണ് പ്രവർത്തിപ്പിക്കുന്നത് എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു, റിമോട്ടുകൊണ്ടെന്ന്. ഇതൊക്കെ നിരുപദ്രവകരമായ ചോദ്യങ്ങളാണെന്നാണ് ഞാൻ കരുതിയത്. എന്നാൽ, ബോംബ് പൊട്ടിക്കുന്നത് സംബന്ധിച്ചായിരുന്നു ഈ ചോദ്യങ്ങളെല്ലാം.

> **ഒമ്പതു വർഷത്തിനുശേഷം നാട്ടിലെത്തുമ്പോൾ പിതാവ് മരിച്ചിരുന്നു. മാതാവ് മനോരോഗിയായി. ഭാര്യ ജീവിക്കാൻ മക്കളുമായി ജോലിക്കിറങ്ങി. എന്റെ രണ്ടു കാലുകൾക്കും വൈകല്യം ബാധിച്ചു. മർദനം കാരണം രണ്ടു കണ്ണുകളുടെയും കാഴ്ച മോശമായിക്കൊണ്ടിരിക്കുന്നു. എന്റെ കൂടെയുണ്ടായിരുന്ന 12 പേർ ജയിലിൽ നരകയാതന അനുഭവിക്കുകയാണ്. നിരപരാധികളാണ് അവർ. അവർക്കുവേണ്ടിയാണ് എന്റെ പുസ്തകം**

## പുസ്തകരചന

മുംബൈ സ്ഫോടനത്തിന്റെ ശരിയായ അവസ്ഥ എല്ലാം പുറത്തുകൊണ്ടുവരണമെന്ന് എനിക്ക് തോന്നി. 2006ൽ ജീവിതം എഴുതാൻ തുടങ്ങി. കോടതിയിൽ കൊണ്ടുപോകുമ്പോൾ കിട്ടുന്ന കടലാസുകളിലായിരുന്നു എഴുത്ത്. എന്നാൽ, ഇത് ജയിൽ സൂപ്രണ്ട് സ്വാതി സാഠേ ഒരു ദിവസം കണ്ടുപിടിച്ചു. കുറിപ്പുകൾ വായിച്ച് കോപാകുലയായി. ഇതൊന്നും ഇവിടെ പറ്റില്ലെന്ന് പറഞ്ഞ് മർദിച്ചു. കൈയെഴുത്തുപ്രതികൾ മുഴുവൻ കത്തിച്ചു. ഇതോടെ എഴുത്ത് ഉപേക്ഷിച്ചു. 2008ൽ 13 പേരടക്കം 40 തടവുകാരെ പല ജയിലുകളിലേക്ക് മാറ്റി. രണ്ടു വർഷത്തിനുശേഷം എന്നെ തിരിച്ച് ആർതർ ജയിലിലേക്കുതന്നെ മാറ്റിയപ്പോൾ സ്വാതി സാഠേ സ്ഥലംമാറ്റം കിട്ടിപ്പോയിരുന്നു. പിന്നീട് വന്ന ഥാംനേ നല്ല മനുഷ്യനായിരുന്നു. കേസുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ശേഖരിച്ചു. കുറ്റപത്രങ്ങൾ, പൊലീസ് റിപ്പോർട്ടുകൾ, പത്രറിപ്പോർട്ടുകൾ എല്ലാം പരിശോധിച്ചു. 2014 ആഗസ്റ്റ് ആകുമ്പോഴേക്കും കേസിന്റെ വിചാരണ പൂർത്തിയായിരുന്നു. വിധി പറയാൻ 2015 സെപ്റ്റംബർ വരെ സമയമുണ്ട്. പുസ്തകരചന പുനരാരംഭിച്ചു. രാപ്പകൽ ഇരുന്ന് എഴുതി.10 മാസത്തിനകം ജയിലിൽവെച്ചുതന്നെ പുസ്തകം പൂർത്തിയാക്കി. 750 പേജുണ്ടായിരുന്നു. എഡിറ്റ് ചെയ്ത് 450 പേജാക്കിയാണ് ഡൽഹിയിലെ ഫാറോസ് മീഡിയ ആണ് പ്രസിദ്ധീകരിച്ചത്.

## പോരാട്ടം അവസാനിക്കുന്നില്ല

2015 സെപ്റ്റംബർ ഒമ്പതിന് വിധിയുടെ ദിവസം എല്ലാവരും ആവേശത്തിലായിരുന്നു. എല്ലാവരെയും വെറുതെവിടും എന്നായിരുന്നു പ്രതീക്ഷ. എന്നാൽ, വിധി വായിച്ചപ്പോൾ എല്ലാവരും ചിരിച്ചു. ഞാൻ മാത്രം കരഞ്ഞു. കാരണം, കേസിൽ അഞ്ചുപേർക്ക് വധശിക്ഷ. ഏഴുപേർക്ക് ജീവപര്യന്തം. തെളിവുകളില്ലാത്തതിനാൽ എന്നെ വെറുതെവിട്ടു. എനിക്കെതിരെ സാക്ഷി പറഞ്ഞ ബന്ധുവായ മഹ്മൂദ് ഖുറൈശി, പൊലീസ് ഭീഷണിപ്പെടുത്തിയാണ് സാക്ഷിപറയിച്ചത് എന്ന് കോടതിയിൽ മൊഴി നൽകി. ഇതോടെ എനിക്കെതിരെ തെളിവില്ലാതായി. ഇങ്ങനെയാണ് ഞാൻ രക്ഷപ്പെട്ടത്. ഖുറൈശിയെ പൊലീസ് പലതവണ ഭീഷണിപ്പെടുത്തി. പൊലീസിന്റെ കടുത്ത സമ്മർദത്തിലും ഭയത്തിലുമാണ് ഖുറൈശി ഇപ്പോൾ.

ഒമ്പതു വർഷത്തിനുശേഷം നാട്ടിലെത്തുമ്പോൾ പിതാവ് മരിച്ചിരുന്നു. മാതാവ് മനോരോഗിയായി. ഭാര്യ ജീവിക്കാൻ മക്കളുമായി ജോലിക്കിറങ്ങി. പലവട്ടം രോഗിയായി. എന്റെ രണ്ടു കാലുകൾക്കും കേടുപാടുകൾ ബാധിച്ചു. മെഡിക്കേറ്റഡ് ഷൂ ഉപയോഗിച്ചാണ് നടക്കുന്നത്. മർദനം കാരണം രണ്ടു കണ്ണുകളുടെയും കാഴ്ച മോശമായിക്കൊണ്ടിരിക്കുന്നു. എന്റെ കൂടെയുണ്ടായിരുന്ന 12 പേർ ജയിലിൽ നരകയാതന അനുഭവിക്കുകയാണ്. എന്നേക്കാൾ നിരപരാധികളാണ് അവർ. അവർക്കുവേണ്ടിയാണ് എന്റെ പുസ്തകം. ഉർദുവിൽ രണ്ടും ഹിന്ദിയിലും ഒന്നും എഡിഷനുകൾ ആറു മാസത്തിനകം പ്രസിദ്ധീകരിച്ചു. മറാത്തി, ഇംഗ്ലീഷ് ഭാഷകളിൽ വിവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. പുസ്തകത്തിന്റെ മലയാള പരിഭാഷ സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് തയാറാക്കുന്നുണ്ട്. ഇന്നസെന്റ് നെറ്റ്വർക്ക് എന്ന പേരിൽ എൻ.ജി.ഒ രൂപവത്കരിച്ച് പ്രവർത്തിക്കുന്നു. ഇനി എം.ഫിൽ, പിഎച്ച്.ഡി, എൽഎൽ.എം എന്നിവ പൂർത്തീകരിക്കണം. ഭരണകൂട ഭീകരതക്കെതിരായ സന്ദേശം രാജ്യം മുഴുവൻ എത്തിക്കണം. ●



അബ്ദുൽ വാഹിദ് ശൈഖ് യഹ്‌യ കമ്മുകുട്ടിക്കൊപ്പം (ഹുബ്ബള്ളി കേസിൽ, അന്യായമായി പ്രതിചേർക്കപ്പെട്ട്, ഏഴ് വർഷത്തെ തടവിന് ശേഷം കുറ്റമുക്തനാക്കപ്പെട്ടയാളാണ് മുക്കം ഗോതമ്പ് റോഡ് സ്വദേശി യഹ്‌യ)

# രണ്ട് ചാത്തൻ കാറ്റുകൾ

അനുസ്മരണം

ആ ചാത്തൻകാറ്റ് നിലച്ചു. 'ഹസറ മൻസിൽ' എന്ന പുരാതന മന്ദിരത്തിലും പിന്നീട് യൂനിവേഴ്സിറ്റിക്കുമുന്നിലുമായി പ്രവർത്തിച്ച 'സ്കൂൾ ഓഫ് ലെറ്റേഴ്സ്' അതോടെ കൂടുതൽ ക്രമബദ്ധവും ചിട്ട പ്രധാനവുമായി മാറിയിട്ടുണ്ടാവും. ഇനി അവിടെ വിനയചന്ദ്രനെന്നും വി.സി. ഹാരിസ് എന്നും പേരായ ആ ചാത്തൻകാറ്റുകളുടെ ചടുല സാന്നിധ്യമില്ലല്ലോ.



വി.സി. ഹാരിസ്

സജയ് കെ.വി.

ഒരു കോണിപ്പടിയിൽവെച്ച് ഒരു നിമിഷനേരം രണ്ടുപേർ പരസ്പരം കാണുന്നു. അവർ തമ്മിൽ എന്തെങ്കിലും സംസാരിച്ചോ, ഓർമയില്ല. ഒരാൾ അധ്യാപകൻ. അപരൻ വിദ്യാർഥി. ആ വിദ്യാർഥി ഞാനായിരുന്നു. അധ്യാപകൻ ഡോ. വി.സി. ഹാരിസും. സ്ഥലം 1999ലെ 'സ്കൂൾ ഓഫ് ലെറ്റേഴ്സ്'. ഞാൻ പടവിറങ്ങുകയായിരുന്നോ അതോ കയറുകയായിരുന്നോ? ആ ഓർമക്ക് വ്യക്തതയില്ല. എന്നാൽ, ഒന്നു വ്യക്തമാണ്. ഞാൻ മറ്റൊരു പടവിറങ്ങുകയായിരുന്നു അപ്പോൾ. മനസ്സിൽ അതിൻെറ 'താഴോട്ടെണ്ണൽ' തുടങ്ങിക്കഴിഞ്ഞിരുന്നു. ഒരു മാത്ര, ഒരിടപ്പടവിൽനിന്നു കണ്ടുപിരിഞ്ഞ അധ്യാപകനും വിദ്യാർഥിയും പിന്നീട് രണ്ടു വഴിക്കു നീങ്ങി. നേരം ഇരുണ്ടു വെളുത്തപ്പോൾ വിദ്യാർഥി, എറണാകുളം നഗരത്തിലെ ജീവിതത്തിനും മരണത്തിനുമിടയിലെ നൂൽപാലം കടക്കുന്നവർക്കുള്ള ആശുപത്രിയിലെ ഐ.സി.യുവിലായിരുന്നു. അധ്യാപകൻ അക്കാര്യമറിഞ്ഞ് ആകെ 'അപ്സെറ്റാ'യി എന്ന്-അതിൻെറ വാച്യാർഥത്തിൽ ആകെ തകിടം മറിഞ്ഞുപോയി' എന്ന് -നൂൽപാലത്തിലൂടെ ജീവിതത്തിലേക്കു പിന്തിരിഞ്ഞു നടന്ന വിദ്യാർഥി പിന്നീടറിഞ്ഞു.

ഇതിനൊരു പശ്ചാത്തലമുണ്ട്. 1996ൽ ബിരുദാനന്തര ബിരുദം കഴിഞ്ഞ് ഞാൻ ഗവേഷണാർഥിയായി സ്കൂൾ ഓഫ് ലെറ്റേഴ്സി'ൽ ചെല്ലുന്നു. ലക്ഷ്യം രണ്ടായിരുന്നു. ഡോ. വി.സി. ഹാരിസിൻെറ കീഴിൽ ഗവേഷണ വിദ്യാർഥിയായി ചേരുക. ഒപ്പം, മലയാളവിഭാഗത്തിൽ ജോലി ചെയ്തിരുന്ന എൻെറ പ്രിയ കവി, ഡി. വിനയചന്ദ്രനുമായി പരിചയപ്പെടുക. ആദ്യത്തെ ലക്ഷ്യം സാധിച്ചില്ല. ഹാരിസ് സാറിനു കീഴിൽ അന്ന് മറ്റൊരു ഗവേഷകനെക്കൂടി ഉൾക്കൊള്ളാനുള്ള ഒഴിവില്ലായിരുന്നു. അതിനാൽ ഞാൻ മറ്റൊരധ്യാപകൻെറ കീഴിൽ ഗവേഷണം തുടങ്ങി. തുടങ്ങിയിടത്തുതന്നെ അവസാനിച്ച ഒരക്കാദമിക് സാഹസമായിരുന്നു അത്. എന്നാൽ, എൻെറ രണ്ടാമത്തെ ലക്ഷ്യം സാധിച്ചു. ഡി. വിനയചന്ദ്രനുമായി അഗാധമായ ആത്മബന്ധം സ്ഥാപിക്കാൻ എനിക്കായി. ഹാരിസ് സാറിനു ഞാൻ പരിചിതനുമായി. ആ അർഥത്തിൽ മാത്രമാണ് ഞാൻ എന്നെ വിദ്യാർഥി എന്നു വിശേഷിപ്പിച്ചത്. ഒരർഥത്തിൽ ശബരിമലക്കുള്ള തീർഥാടനം പോലെയായിരുന്നു എൻെറ ഓരോ ലെറ്റേഴ്സ് സന്ദർശനവും. അയ്യപ്പനെ കാണാം, ഒപ്പം വാവരെയും എന്ന മട്ടിൽ. ഡി. വിനയചന്ദ്രനായിരുന്നു ശാസ്താവ്; ഡോ. വി.സി. ഹാരിസ് വാവരും!

അയ്യപ്പനെയും വാവരെയും കണ്ടതോടൊപ്പം ചില 'പുലി'കളെയും അക്കാലം എൻെറ മുന്നിൽ കൊണ്ടുവന്നുനിർത്തി. എൻെറ സമപ്രായക്കാരനായ, ഇപ്പോൾ മലയാളം യൂനിവേഴ്സിറ്റിയിൽ അധ്യാപകനായ അൻവർ അബ്ദുല്ലയായിരുന്നു അവരിലൊരാൾ. 'സ്കൂൾ ഓഫ് ലെറ്റേഴ്സി'ൻെറ ഡയറക്ടറായിരുന്ന നരേന്ദ്ര പ്രസാദിനെ സ്ഥാപനമേധാവിയുടെ ചേംബറിൽ തൻെറ 'സിംഹേന്ദ്രമഞ്ച'ത്തിൽ തുല്യപ്രതാപത്തോടുകൂടി ഇരിക്കുന്നതായി തുറന്നടയുന്ന പാതി വാതിൽപ്പഴുതിലൂടെ ഒരിക്കലേ കണ്ടിട്ടുള്ളൂ.

ഹാരിസ് സാറിലേക്കു മടങ്ങാം. വായനയിലൂടെയാണ് ഞാൻ സാറിനെ കൂടുതൽ അടുത്തുകണ്ടത്. അതും അത്ര സമഗ്രമായ വായനയൊന്നുമല്ല. ജോൺ എബ്രഹാമിൻെറ 'നേർച്ചക്കോഴി'ക്കെഴുതിയ പഠനം ബിരുദ പഠനകാലത്തു തന്നെ വായിച്ച് ഹരംകൊണ്ടിരുന്നു. അസാമ്പ്രദായികമായ ആ ആത്മകഥയുടെ ചില അധ്യായങ്ങൾ പിന്നീട് വായിച്ചു. മോഹനകൃഷ്ണൻ കാലടിക്കും പി.ടി. ബിനുവിനുമെഴുതിയ ഉദാരമായ അവതാരികകളും അയ്യപ്പപ്പണിക്കരുടെ 'കുതിരക്കൊമ്പി' നെഴുതിയ പഠനവും മനസ്സിലുണ്ട്. മാഷ് മാർക്സിനെയും ദറിദയെയും നന്നായി വായിച്ചുൾക്കൊണ്ടിരുന്നു. ഈ ജ്ഞാന ദൂരത്തിനിപ്പുറംനിന്നാണ് ഞാൻ ഡോ. വി.സി. ഹാരിസ് എന്ന മനുഷ്യനെ കണ്ടത്. ഒരു ഷേക്സ്പിയർ കഥാപാത്രത്തെപ്പോലെ, കണിശമായി പറഞ്ഞാ 'ടെമ്പസ്റ്റി'ലെ 'പ്രോസ്പറോവിനെപ്പോലെ, സിദ്ധാന്തവും ജീവിതവും രാഷ്ട്രീയവും ലാവണ്യബോധവും അരാജകവാസനയും ചേർന്നു നിർമിച്ച മായക്കൊടുങ്കാറ്റുപോലെ ആ മനുഷ്യനെ ഞാൻ അകന്നും ചിലപ്പോഴൊക്കെ അടുത്തുനിന്നും കണ്ടു. 'ചാത്തൻകാറ്റ്' എന്ന് 'ടെമ്പസ്റ്റി'ന് ഒരു മലയാള പാഠമുണ്ട്. വി.സി. ഹാരിസ് എന്ന ധിഷണശാലിയായ സർവകലാശാല അധ്യാപകനു പാകമായ ഒരേയൊരു രൂപകമാണത്. ആ ചാത്തൻകാറ്റ് നിലച്ചു. 'ഹസറ മൻസിൽ' എന്ന പുരാതന മന്ദിരത്തിലും പിന്നീട് യൂനിവേഴ്സിറ്റിക്കുമുന്നിലുമായി പ്രവർത്തിച്ച 'സ്കൂൾ ഓഫ് ലെറ്റേഴ്സ് ' അതോടെ കൂടുതൽ ക്രമബദ്ധവും ചിട്ടപ്രധാനവുമായി മാറിയിട്ടുണ്ടാവും. ഇനി അവിടെ വിനയചന്ദ്രനെന്നും വി.സി. ഹാരിസ് എന്നും പേരായ ആ ചാത്തൻകാറ്റുകളുടെ ചടുല സാന്നിധ്യമില്ലല്ലോ. ഓർമയുടെ പമ്പയിൽ കഴുത്തൊപ്പം മുങ്ങിനിന്ന് ഞാൻ ശരണം വിളിക്കുകയാണ്-മുമ്പേ ഇല്ലാതായ അയ്യപ്പനെ, ഇപ്പോൾ പൊടുന്നനെ ഇല്ലാതായ വാവരെയും ഓർത്തുകൊണ്ട്.

'ഓർക്കുന്നവരൊക്കെ
അങ്ങനെയോർക്കുന്ന
ഇങ്ങനെയോർക്കുന്ന
നിന്നെയോർക്കുന്നു ഞാൻ'

(ജോണിന്, ഡി. വിനയചന്ദ്രൻ).



# വഴിമാറി നടക്കുന്ന 'വരട്ടുചൊറി'

ഡോക്യുമെന്ററി

എം. നൗഷാദ്

2017 മാർച്ച് രണ്ടാംവാരം താനൂർ കടപ്പുറത്ത് പൊലീസ് നടത്തിയ അതിക്രമങ്ങൾ ഭരണകൂട സംവിധാനങ്ങളുടെ വംശീയ മനോഭാവത്തിൻെറ ഏറ്റവും മോശം ഉദാഹരണങ്ങളിലൊന്നായിരുന്നു. കോർമൻ ബീച്ചു മുതൽ ഒട്ടുപുറം വരെ ഏതാണ്ട് രണ്ടു കിലോമീറ്റർ സ്ഥലത്ത് എൺപതോളം മുസ്ലിം വീടുകളിലാണ് കേരള പൊലീസ് നായാട്ടുനടത്തിയത്. നൂറിലധികം വാഹനങ്ങളും വീട്ടുപകരണങ്ങളും ജനൽചില്ലുകളും പൊലീസ് അടിച്ചുതർത്തു. ഗുരുതരാവസ്ഥയിലുള്ള രോഗികളുടെ ചികിത്സച്ചെലവിനുള്ള പണംപോലും കൊള്ളയടിച്ചു. ഉമ്മമാരുടെ കൺമുന്നിലിട്ട് ആൺമക്കളെ ഇടിച്ചുവീഴ്ത്തി. ഏറ്റവും ചുരുങ്ങിയത് ഒരു കോടിയിലധികം രൂപയുടെ നാശനഷ്ടം വരുത്തിയതായി നാട്ടുകാർ പറയുന്നു. ലീഗ്-സി.പി.എം സംഘർഷം പ്രദേശത്ത് നിലനിൽക്കുന്നതിൻെറ മറവിൽ, അതിനെ അമർച്ചചെയ്യാനെന്ന വ്യാജേനയാണ് പൊലീസ് അതിക്രൂരവും മനുഷ്യത്വരഹിതവുമായി പെരുമാറിയത്. സ്ത്രീകളും കുട്ടികളുമാണ് പൊലീസിൻെറ കായികശേഷി പ്രകടനത്തിനും വംശീയാധിക്ഷേപങ്ങൾക്കും നേരിട്ടിരയായത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.


താനൂർ ഭരണകൂട ഭീകരതയോടുള്ള ഒരു സർഗാത്മക പ്രതികരണമാണ് ഹുദൈഫ റഹ്മാൻ സംവിധാനം ചെയ്ത 'വരട്ടുചൊറി' എന്ന ചലച്ചിത്രം. 55 മിനിറ്റ് ദൈർഘ്യത്തിൽ ഡോക്യു-ഫിക്ഷൻ ശൈലിയിൽ ചിത്രീകരിച്ച സിനിമ സോളിഡാരിറ്റി യൂത്ത് മൂവ്മെൻറാണ് നിർമിച്ചത്. താനൂർ സംഭവത്തിൻെറ മേൽസൂചിത സംഭവങ്ങളെ, ഇരകളുടെയും ദൃക്സാക്ഷികളുടെയും അഭിമുഖങ്ങളിലൂടെ സിനിമ ഡോക്യുമെൻറ് ചെയ്യുന്നു. അതോടൊപ്പം, നമ്മുടെ നാട്ടിൽ മുമ്പു കാണാത്തവിധത്തിൽ ഭാവനാപരമായ സംഭവശകലങ്ങൾ അതോടു ചേർത്തു വെക്കുകയും ചെയ്യുന്നു. വൈക്കം മുഹമ്മദ് ബഷീറിൻെറ ഒരു ജനപ്രിയകഥയുടെ ദൃശ്യാവിഷ്കാരവും വ്യത്യസ്ത സാമ്പത്തികനിലയിൽപെട്ട രണ്ടു പേരുടെ പ്രണയവും സമാന്തരമായി മുന്നോട്ടുപോകുന്നുണ്ട് സിനിമയിൽ.

സാമ്പ്രദായികമായ കലാപ ഡോക്യുമെൻററികളോട് ഉള്ളടക്കത്തിലും ശൈലിയിലും സിനിമ മനഃപൂർവമായ അകലം പാലിക്കുന്നു. ഭാവനയും യാഥാർഥ്യവും ഇടകലർത്തിയുള്ള അവതരണം സർഗാത്മകമായ കനത്ത പ്രഹരശേഷി സ്ഫുരിപ്പിക്കുന്ന പല സന്ദർഭങ്ങളുമുണ്ട്. നിരാശയുറ്റതും പരിദേവനപരവുമായ ഡോക്യുമെൻേറഷൻ പാരമ്പര്യത്തോട് വിയോജിച്ചുകൊണ്ട്, കറുത്ത ഹാസ്യത്തിലൂടെയും രാഷ്ട്രീയ പ്രത്യുൽപന്നമതിത്വമുള്ള ദൃശ്യഭാവനകളിലൂടെയും എന്നാൽ, ലളിതമായ പരിചരണത്തോടെയും സമകാലിക ചോദ്യങ്ങളെ നേരിടാനാവുമെന്ന് ഈ ശ്രമം ഓർമപ്പെടുത്തുന്നു. രാഷ്ട്രീയമായി സിനിമചെയ്യുക എന്നത് ദൃശ്യമാധ്യമത്തിൻെറ തലത്തിൽ എത്രത്തോളം സർഗാത്മകമാക്കാമെന്ന വാതിൽ 'വരട്ടുചൊറി' തുറന്നിടുന്നു. അതേസമയം, അത് അങ്ങേയറ്റം ഉത്തരവാദിത്തപൂർണം ചെയ്യേണ്ട കർത്തവ്യം കൂടിയാണ്. താനൂർ സംഭവത്തിൻെറ ആഴത്തെയും മുറിവിൻെറ തീവ്രതയെയും ലാഘവത്തിലല്ല 'വരട്ടുചൊറി' സമീപിച്ചിട്ടുള്ളത് എന്നത് ആശ്വാസമാണ്. കൂടുതൽ കരുതലോടെയും സൂക്ഷ്മതയോടെയുമുള്ള, വരാനിരിക്കുന്ന പൊട്ടിത്തെറികളുടെ സൂചനയായി ഇതിനെ തീർച്ചയായും കാണാം. ഭാവനാത്മക ആഖ്യാനങ്ങളുടെയും കറുത്ത ഹാസ്യത്തിൻെറയും ആക്ഷേപഹാസ്യത്തിൻെറയും രസച്ചരടിനെ ബോധപൂർവം ഭേദിച്ച് യഥാർഥ സംഭവകഥനങ്ങൾ ആവർത്തിച്ചു കടന്നുവരുന്നുണ്ട് 'വരട്ടുചൊറിയിൽ.' ഭരണകൂട ഭീകരത നേരിട്ടനുഭവിച്ച ജനങ്ങൾ ഡോക്യുമെൻേറഷൻെറ ഇത്തരം ശൈലികളെ എങ്ങനെ കാണുമെന്നതും പ്രധാനപ്പെട്ട കാര്യമാണ്. സാമൂഹികനീതിയുടെ അടിയന്തരപ്രശ്നങ്ങളെ കാഴ്ചയുടെ/ചിന്തയുടെ കേന്ദ്രസ്ഥാനത്ത് കരുതലോടെയും കരുത്തോടെയും പ്രതിഷ്ഠിക്കുന്ന, അതിലേക്ക് സ്ഥായിയായ ദാർശനിക-സാമൂഹിക സമസ്യകളെ ഇഴചേർക്കുന്ന കുറെയേറെ രചനകളെ 'വരട്ടുചൊറി' പ്രവചിക്കുന്നുണ്ട്. ഭാവനയിലുള്ള ദേശവും മനുഷ്യരും യഥാർഥ സംഭവത്തിലെ ദേശവും മനുഷ്യരും തമ്മിൽ അന്തരമില്ലാതെ, നിരവധി ജീവിതശകലങ്ങളെ സാമൂഹികശാസ്ത്ര അടരുകളുടെ സങ്കീർണതയോടെത്തന്നെ, ദൃശ്യഭാഷയുടെ പലസാധ്യതകളിലൂടെ പറയുന്നത് പുതുമയുള്ള കാര്യമാണ്. കൈകാര്യം ചെയ്യുന്ന വിഷയത്തെക്കുറിച്ചും കൈയിലുള്ള മാധ്യമത്തെക്കുറിച്ചും ബോധ്യവും ധൈര്യവുമുണ്ടെങ്കിലേ ഇങ്ങനെ സാധ്യമാകൂ. സാങ്കേതിക പരിമിതികളെ സർഗാത്മകതയും രാഷ്ട്രീയവും കൊണ്ട് പിന്തള്ളുന്ന ഈ സിനിമ ഹുദൈഫ റഹ്മാൻെറ പുറത്തുവരുന്ന ഒന്നാമത്തെ സിനിമയാണ്. അൽത്താഫ് ആണ് കാമറയും എഡിറ്റിങ്ങും നിർവഹിച്ചിരിക്കുന്നത്. സിനിമ യൂട്യൂബിൽ ലഭ്യമാണ്.



ഹുദൈഫ റഹ്മാൻ

'വരട്ടുചൊറി' ഡോക്യുമെൻററിയുടെ പോസ്റ്റർ




നിരാശയുറ്റതും പരിദേവനപരവുമായ ഡോക്യുമെൻേറഷൻ പാരമ്പര്യത്തോട് വിയോജിച്ചുകൊണ്ട്, കറുത്ത ഹാസ്യത്തിലൂടെയും രാഷ്ട്രീയ പ്രത്യുൽപന്നമതിത്വമുള്ള ദൃശ്യഭാവനകളിലൂടെയും എന്നാൽ, ലളിതമായ പരിചരണത്തോടെയും സമകാലിക ചോദ്യങ്ങളെ നേരിടാനാവുമെന്ന് ഈ ശ്രമം ഓർമപ്പെടുത്തുന്നു. രാഷ്ട്രീയമായി സിനിമചെയ്യുക എന്നത് ദൃശ്യമാധ്യമത്തിൻെറ തലത്തിൽ എത്രത്തോളം സർഗാത്മകമാക്കാമെന്ന വാതിൽ 'വരട്ടുചൊറി' തുറന്നിടുന്നു.



**കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.**

whatsapp: 9645006105, e-mail: varadyam@madhyamam.in
തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്, പി.ഒ. കോഴിക്കോട് –12

## കത്തുകൾ

### പുരുഷമേധാവിത്വത്തിൻെറ ഇര

മൂന്ന് പതിറ്റാണ്ടുകൾക്കുമുമ്പ് ലോക വനിത ലോകകപ്പ് ഫുട്ബാളിൽ ബൂട്ടണിഞ്ഞ മലയാളി പെൺകരുത്ത് എസ്. ലളിതയുടെ ജീവിതം (ലക്കം 1532) നമ്മുടെ കായിക ലോകത്തിൻെറ കണ്ണു തുറപ്പിക്കേണ്ടതാണ്. പുരുഷ മേധാവിത്വത്തിൻെറ യഥാർഥ ഇരയുടെ തേങ്ങലുകൾ. ഫുട്ബാൾ ആരവങ്ങൾക്കും കായിക മാമാങ്കത്തിനും കോടികൾ മുടക്കുമ്പോൾ, അർഹരായ പലരും തഴയപ്പെടുന്ന ആവർത്തന കഥകൾ വായിക്കേണ്ടിവരുകയാണ്.
അബൂ മിൻഹാജ്, ചേന്ദമംഗലൂർ

### ഓർമിച്ചതും ഓർമിപ്പിച്ചതും

ഇന്ത്യക്കുവേണ്ടി ആദ്യമായി ലോകകപ്പ് ഫുട്ബാൾ കളിച്ച വ്യക്തിയെ, കൗമാര ലോകകപ്പിൻെറ ആഘോഷവേളയിൽ ഓർമിച്ചത്/ഓർമിപ്പിച്ചത് എന്തുകൊണ്ടും ഉചിതമായി. ലേഖകൻ ആശങ്കപൂർവം ചൂണ്ടിക്കാണിച്ചതുപോലെ ഇനിയൊരുപക്ഷേ, മത്സരപരീക്ഷകളിൽ ഈ ചോദ്യം ഉയരുമായിരിക്കും. ഇന്ത്യക്കുവേണ്ടി ആദ്യമായി ലോകകപ്പ് ഫുട്ബാൾ കളിച്ചത് ആരെന്ന്.
രേണുക പി. കുമാർ, തവനൂർ

### വേറിട്ട സ്ത്രീരൂപങ്ങൾ

ഓരോ വാരാദ്യമാധ്യമവും അതിജീവനത്തിൻെറയും വിജയങ്ങളുടെ പിറകിലെ കഠിനാദ്ധ്വാനത്തിൻെറയും കഥകളാണ് നമുക്കുമുന്നിൽ എത്തിക്കുന്നത്. കഴിഞ്ഞ ആഴ്ചയിലും ഒട്ടും വ്യത്യസ്തമായിരുന്നില്ല. എസ്. ലളിതയും രാജി അനിൽകുമാറും വേറിട്ട സ്ത്രീരൂപങ്ങളായി. മലയാളികളുടെ സ്വപ്നങ്ങളിൽപോലും ഇവർ പ്രവർത്തിക്കുന്ന മേഖലയിൽ സ്ത്രീ സാന്നിധ്യം കടന്നുവന്നിട്ടുണ്ടാകില്ല. ഫുട്ബാളിൻെറ ലോകമായാലും വിഷപ്പാമ്പുകളുടെ ലോകമായാലും ധൈര്യവും ആത്മവിശ്വാസവും കൂടിയേ തീരൂ... അഭിനന്ദനങ്ങൾ. അറിയപ്പെടാതെപോകുന്ന ഒരുപാട് കായിക താരങ്ങൾ ഇനിയും നമ്മുടെ നാട്ടിലുണ്ട്. ഇന്ത്യക്കുവേണ്ടി ഒരുപാട് സംഭാവനകൾ തന്ന് ഇപ്പോൾ ജീവിക്കാൻ വേണ്ടി ഓഫിസുകൾ കയറി മടുത്തവരും അതിലുണ്ടാകും. ഓർമകളിൽനിന്നു ചിതലെടുത്തുപോയ അവരുടെ മുഖങ്ങൾ വെളിച്ചത്തിൽ കൊണ്ടുവരുക എന്നത് നിസ്സാരകാര്യമല്ല. വാരാദ്യമാധ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.
കെ.വി. അബ്ദുൽ റഷീദ്, ഒറ്റപ്പാലം

### ആവേശവും പ്രചോദനവും

ലക്കം 1532 വാരാദ്യമാധ്യമത്തിൽ അനിരു അശോകൻ എഴുതിയ 'ആരാണ്? ലോകകപ്പ് കളിച്ച ആദ്യ മലയാളി' എന്ന ഫീച്ചർ ഒരുപാട് ഇഷ്ടപ്പെട്ടു. അംഗീകാരങ്ങൾ എന്നും സ്പോർട്സ് താരങ്ങൾക്ക് ആവേശവും പ്രചോദനവുമാകും മുന്നോട്ടുള്ള ജീവിതത്തിൽ. ലളിതയെപ്പോലുള്ളവർ അത് അർഹിക്കുന്നു. ഭാവിയിൽ ഒരുപാട് യുവതാരങ്ങളെ രാജ്യത്തിന് സംഭാവനചെയ്യാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.
മുഹമ്മദ് ഷിഫാൻ, പട്ടാമ്പി

### അത്ഭുതപ്പെടുത്തിയ വിരുത്

ലക്കം 1532 വാരാദ്യ മാധ്യമത്തിൽ ആൻറണി ഷേലൻ തയാറാക്കിയ 'കല്ലിൽ കവിത വിരിയുമ്പോൾ' എന്ന രചന വല്ലാതെ ആകർഷിച്ചു. ഇതുപോലെയുള്ളവ തുടർന്നും പ്രസിദ്ധീകരിക്കണമെന്ന് താൽപര്യപ്പെടുന്നു. ഒതുങ്ങിക്കൂടുന്ന ശാസ്ത്രഭാവമുള്ള മനസ്സുകളെ പുറംലോകത്തെ അറിയിക്കാനുള്ള ഈമാർഗം വളർന്നുവരുന്ന നവ ശാസ്ത്രജ്ഞർക്ക് പ്രോത്സാഹനമാകുമെന്നതിൽ സംശയമില്ല.
സഫ്വാൻ അരിയിൽ, സഅദിയ ദഅവാ കോളജ്, ദേളി

### ഉചിതവും പ്രസക്തവും

സുഹ്റ പടിപ്പുര എഴുതിയ (അ)ഭയാർഥി എന്ന രചന കാലികവും ഉചിതവും പ്രസക്തവുമായി. ആർഭാടങ്ങളിൽ അഭിരമിക്കുന്ന മലയാളിയുടെ കണ്ണു തുറപ്പിക്കുന്ന രചന. മാധ്യമത്തിനും എഴുത്തുകാരിക്കും അഭിനന്ദനങ്ങൾ.
മുനീർ അഗ്രഗാമി,
അമൽ കോളജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, നിലമ്പൂർ

### ധീരതക്ക് അഭിനന്ദനങ്ങൾ

പാമ്പു പിടിത്തക്കാരി രാജി അനിൽകുമാറിൻെറ കഥ വായിച്ചു. സ്വജീവൻ മറന്നും തൻെറ സഹജീവികളെ രക്ഷിക്കുന്ന ആ ധീരതക്ക് അഭിനന്ദനങ്ങൾ. വാർത്ത പ്രസിദ്ധീകരിച്ച മാധ്യമത്തിനും അഭിനന്ദനങ്ങൾ
ജംഷിദ്, പോത്തുകല്ല്

### രേഖപ്പെടുത്താത്ത ചരിത്രം

രേഖപ്പെടുത്താത്ത ചരിത്രം അരനൂറ്റാണ്ടിനുമുമ്പ് പത്തേമാരിയിൽ ബോംബെയിലേക്കുപോയി ഇനിയും തിരിച്ചെത്താത്ത 25 പൊന്നാനിക്കാരെക്കുറിച്ചുള്ള ഓർമകൾ ഉള്ളിൽ തട്ടുംവിധം ചിത്രീകരിച്ചിരിക്കുന്നു, ലക്കം 1531ൽ ' തൂഫാൻ മുക്കിയ പത്തേമാരിക്കനവുകൾ'.
എൻ.എം. ബക്ഷ്, ചെമ്പ്ര തിരൂർ

### അപൂർവ വായനാനുഭവം

വാരാദ്യ മാധ്യമം ലക്കം 1531ൽ പ്രസിദ്ധീകരിച്ച 'തൂഫാൻ മുക്കിയ പത്തേമാരിക്കനവുകൾ' അപൂർവ വായനാനുഭവമായി മാറി. പത്തേമാരിയിൽ നമ്മുടെ നാട്ടുകാർ ഗൾഫിലേക്ക് പോയിരുന്ന ഒരു കാലത്തെക്കുറിച്ച് പഴയ പ്രവാസികളുടെ സംസാരങ്ങളിൽനിന്നും എഴുത്തിൽനിന്നും അറിഞ്ഞിട്ടുണ്ടെങ്കിലും പത്തേമാരികളെക്കുറിച്ച് ഇത്ര വിശദമായി വായിക്കുന്നത് ആദ്യമാണ്.
സമദ്, പനയപ്പിള്ളി

i

### തിരുനല്ലൂർ അവാർഡ്

'ബഹുജന കലാസാഹിത്യവേദി'യുടെ മൂന്നാമത് തിരുനല്ലൂർ അവാർഡിന് കൃതികൾ ക്ഷണിക്കുന്നു. വിമർശന/പഠന കൃതികളാണ് ഇക്കുറി അവാർഡിന് പരിഗണിക്കുന്നത്. 2015 ജനുവരി മുതൽ 2017 ഡിസംബർ വരെയുള്ള കൃതികൾ അയക്കാം. 5001രൂപയും ശിൽപവും പ്രശസ്തിപത്രവും അടങ്ങിയതാണ് അവാർഡ്. അവാർഡ് കൃതികൾ മൂന്നുകോപ്പി ലഭിക്കേണ്ട അവസാനതീയതി 2018 ജനുവരി 15. കൃതികൾ അയക്കേണ്ട വിലാസം: മുരുകൻ പാറശ്ശേരി, c/o സെക്രട്ടറി, ബഹുജന കലാസാഹിത്യവേദി, ആർഷം, വേണാടുനഗർ 1094, കിളികൊല്ലൂർ, കൊല്ലം 691004. ഫോൺ: 8086235315/9544157709.

### മഹാകവി ഉള്ളൂർ സ്മാരക സാഹിത്യ പുരസ്കാരം

ഉള്ളൂർ സർവിസ് സഹകരണ ബാങ്ക് ഏർപ്പെടുത്തിയ മഹാകവി ഉള്ളൂർ സ്മാരക സാഹിത്യ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു.
2015 ജനുവരിക്കു ശേഷം പ്രസിദ്ധീകരിക്കപ്പെട്ട മലയാള നോവലിനാണ് പതിനായിരത്തൊന്ന് രൂപയും ശിൽപവും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം നൽകുന്നത്. നോവലുകളുടെ മൂന്നുകോപ്പികൾ എഴുത്തുകാരൻെറ ബയോഡാറ്റ സഹിതം സെക്രട്ടറി, മഹാകവി ഉള്ളൂർ സാഹിത്യപുരസ്കാരം 2018, ഉള്ളൂർ സർവിസ് സഹകരണബാങ്ക്, പോങ്ങുംമൂട്, മെഡിക്കൽ കോളജ് പി.ഒ, തിരുവനന്തപുരം11 എന്ന വിലാസത്തിൽ നവംബർ 30നകം അയക്കണം.

കഥ

# കഞ്ഞണ്ണി

ഡോ. ശബ്ന എസ്.

"ആ ഇബ്‌ലീസിനോടൊന്നും പറഞ്ഞിട്ട് ഒരു കാര്യവുമില്ല മോളേ. മോളാ പ്രഷറിൻെറ ഗുളിക ഇങ്ങ് എഴുതി തന്നേക്ക്. രണ്ടുമൂന്നു പേരേന്ന് എണ്ണപ്പൈസ കിട്ടീന്. അയിന് ഞാൻ വാങ്ങിക്കോളാ"-കൈയിൽ കെട്ടിയിരിക്കുന്ന ബി.പി അപ്പാരറ്റസ് അഴിച്ചെടുത്ത്, മരുന്ന് കുറിപ്പടി വാങ്ങുന്നതിനിടയിൽ നബീസുമ്മ പറഞ്ഞു. ഒ. പിയില് തിരക്കില്ലെങ്കിൽ നബീസുമ്മ കഥ തുടങ്ങും. കഥകൾ നിറയെ സ്വന്തക്കാരായ പശുവും ആടും കോഴികളും ചേനയും ചേമ്പും വാഴയും ഒക്കെയായിരിക്കും.

"അറുപത്തെട്ട് വയസ്സായി മോളെ. ഇക്കാലം വരെ ഓറെടുത്തുനിന്ന് കിട്ടാത്ത സ്നേഹാ അവറ്റകളുടെ അടുത്തുനിന്നും കിട്ടുന്നേ." വില്ലൻ ഭർത്താവും പ്രണയനഷ്ടവും ഇബ്‌ലീസ് വിളിയും ഒക്കെ അപ്പൊ ഒന്നൂടെ കൊഴുക്കും.

നബീസുമ്മാൻെറ കാച്ചിയ എണ്ണയുടെ മാഹാത്മ്യം ഹോസ്പിറ്റലിൽ പലരിൽനിന്നായി കേട്ടു. കഞ്ഞണ്ണി ഇലയും ചെമ്പരത്തിയും മൈലാഞ്ചിയും നല്ല കാച്ചിയ വെളിച്ചെണ്ണയും പിന്നെ നബീസുമ്മാൻെറ പൊടിക്കൈകളും ചേർന്ന നല്ല കിടിലൻ എണ്ണ. നരച്ച മുടി കറുകറെ കറുത്തതും കഷണ്ടി കയറിയ ഭർത്താവിൻെറ തലയിൽ മുടി പൊടിച്ചുവരാൻ തുടങ്ങിയതും മുടിയുടെ കനം കൂടിയതും ഒക്കെയായി എണ്ണക്ക് പരസ്യം കൂടിത്തുടങ്ങി.


ഉപ്പുപ്പാനെ പുറത്തുനിർത്തിയാണ് അന്നും നബീസുമ്മ കൺസൾട്ടിങ് റൂമിനകത്തേക്ക് വന്നത്. സ്റ്റൂൾ എനിക്കരികിലേക്ക് വലിച്ചിട്ട്, ചെവിക്കടുത്തു വന്ന് പതുക്കെ പറഞ്ഞു:

"എണ്ണക്ക് നല്ല ചെലവാ മോളെ ഇപ്പൊ. തോന പൈസ കിട്ടുന്നുണ്ട്. ഓറോട് പറഞ്ഞിനില്ല. പറഞ്ഞാ, പൊരക്ക് പെയിൻറ് അടിക്കാനാ, മതില് കെട്ടാനാ എന്നൊക്കെ പറഞ്ഞു പൈസയും വാങ്ങീട്ട് പോകും. അതാ, മോളോട് സ്വകാര്യം പറഞ്ഞെ. പൈസ എല്ലാം അങ്ങ് കൊടുത്താ എനക്ക് ഉടുതുണി വാങ്ങാനും ഗുളിക വാങ്ങാനും എല്ലാം ആര് തരാനാ. എൻെറ കാര്യമൊന്നും മൂപ്പര് നോക്കുകയും ഇല്ല."

ഇൻജക്ഷൻ റൂമിനു മുന്നിലൂടെയാണ് ചായ കുടിക്കാൻ പോയത്. പോകുമ്പോ കണ്ണാടിയിലേക്കൊന്നു പാളി നോക്കി. നബീസുമ്മ പറഞ്ഞത് ശരിയാണല്ലോ. മുടി നല്ലോണം മോശമായിരിക്കുന്നു. എണ്ണതട്ടാതെ ഉണങ്ങി വരണ്ടിരിക്കുവാ. ചിലരുടെ മനസ്സും അതുപോലെയാണത്രെ. നനവുതട്ടാതെ വരണ്ടുണങ്ങി... അതും പറഞ്ഞൊരു ദീർഘനിശ്വാസത്തോടെയാണ് നബീസുമ്മ അന്ന് കൺസൾട്ടിങ് റൂം വിട്ടു പോയത്.

"എന്താ മാഡം, സൗന്ദര്യം കൂടിയോ എന്ന് നോക്കുവാണോ?"

കണ്ണാടിക്കു മുന്നിലെ എത്തിനോട്ടം സ്റ്റാഫ് കണ്ടുപിടിച്ചിരിക്കുന്നു. ഇനിയിപ്പോ 'വധ'ത്തിനു അതുമതി. ഒരു ഇളിഭ്യച്ചിരിയും ചിരിച്ചു, 'പോടീ കൊന്ത്രംപല്ലി' എന്ന് മനസ്സിൽ പ്രാകിക്കൊണ്ട് അവിടെനിന്ന് രക്ഷപ്പെട്ടു.' 'രണ്ടു കുപ്പി എണ്ണക്ക് നബീസുമ്മാനോട് പറയാം, അല്ലെ മാഡം?", പുറകിൽനിന്നാരോ വിളിച്ചുചോദിച്ചത്, ഉയർന്നുവന്ന ചിരിയിൽ മുങ്ങിപ്പോയി.



ചിത്രീകരണം: ഷാഹുൽ ഹമീദ് കെ.ടി

ചെമ്മീൻ കൊതി മൂത്താണ് ഞായറാഴ്ച മോനെയും കൂട്ടി പുഴക്കരക്കുള്ള മീൻകടക്കു പോയത്. പാലത്തിനിപ്പുറത്ത് വണ്ടി സൈഡ് ആക്കി നിർത്തുമ്പോതന്നെ കണ്ടു, നബീസുമ്മാൻെറ വളഞ്ഞ കാലൻ കുട. വയലിൽ കുനിഞ്ഞുനിന്ന് എന്തോ പരതുകയാണ്. വെളുക്കേ ചിരിച്ചുകൊണ്ട് നബീസുമ്മ അടുത്തേക്ക് വന്നു. കൈനിറയെ കഞ്ഞണ്ണിച്ചെടിയുടെ തണ്ടുകൾ.

"എണ്ണ കാച്ചാനാ മോളെ, ഇതുണ്ടെങ്കിലേ എണ്ണ നന്നാവൂ" -കഞ്ഞണ്ണിച്ചെടികൾ ഉയർത്തി കാണിച്ചോണ്ട് നബീസുമ്മ പറഞ്ഞു തുടങ്ങി. പറഞ്ഞുപറഞ്ഞു വർത്തമാനം ഉപ്പുപ്പയിലും എത്തി.

"വീട്ടില് വെറുതെ ഇരിക്കുന്നല്ലേ, പൊഴ വരെ നടന്നു വരാമെന്നു പറഞ്ഞിട്ട് ഓറ് കേക്കുന്നില്ല. അതെങ്ങനെയാ, എൻെറ കൂടെനടക്കാൻ പണ്ടേ ആ ഇബ്‌ലീസിനു ഇഷ്ടമല്ലല്ലോ. ഒന്നിച്ചു നിന്നിട്ടല്ലേ മനുഷ്യന്മാര് സ്നേഹം കാണിക്കുന്നേ?"

അതൊരു വല്ലാത്ത ചോദ്യംതന്നെ. തിരിച്ചു കാറിൽ കയറാൻ നേരത്ത് ഞാനൊരു മറുചോദ്യമെറിഞ്ഞു: "നേരിട്ട് കാണുമ്പോഴും ഉമ്മുമ്മ ഉപ്പുപ്പാനെ 'ഇബ്‌ലീസ്' എന്ന് തന്നെയാണോ വിളിക്കുന്നെ?"

"ഇബ്‌ലീസായാലും പടച്ചോനായാലും സ്നേഹം കാട്ടിത്തരികതന്നെ ചെയ്യണം." അതും പറഞ്ഞു നബീസുമ്മ തിരക്കിട്ട് നടന്നു പോയി.

അതിനടുത്ത ആഴ്ചയാണ് നബീസുമ്മയെ അഡ്മിറ്റ് ചെയ്തത്. പനിയും ശ്വാസംമുട്ടലും. അനിയത്തിയുടെ കല്യാണത്തിരക്കുകളിലായിരുന്നു ഞാൻ. പുലർച്ചെയാണ് ഹോസ്പിറ്റലിൽനിന്ന് ഫോൺവന്നത്.

"നബീസുമ്മ പോയി. തലശ്ശേരീന്നു കോഴിക്കോട്ടേക്ക് റെഫർ ചെയ്തതായിരുന്നു. എത്തുമ്പോൾതന്നെ ഗാസ്പിങ് ആയിരുന്നു. ട്യൂബ് ഇട്ട് കൃത്രിമശ്വാസം കൊടുത്തെങ്കിലും കൂടെ ആളെ കിട്ടീല്ല. ആംബുലൻസിൽവെച്ചൊക്കെ മാഡത്തെ ചോദിക്കുന്നുണ്ടായിരുന്നു."

കല്യാണപ്പിറ്റേന്ന്, ലീവ് തീർന്നു ജോയിൻചെയ്ത ദിവസംതന്നെ സ്റ്റാഫിനെയും കൂട്ടി നബീസുമ്മയുടെ വീടന്വേഷിച്ചു പോയി. വീട് മുഴുവൻ ഉമ്മുമ്മയുടെ തുടിപ്പുകളായിരുന്നു. പറമ്പിലെ പശുത്തൊഴുത്ത് മുതൽ മുറ്റത്തിനതിരിലെ കഞ്ഞണ്ണിച്ചെടികൾ വരെ. നേർത്ത മഴ ചാറുന്നുണ്ടായിരുന്നു. ചായ കുടിച്ചിറങ്ങുമ്പോഴാണ് ഉപ്പുപ്പയെ കണ്ടത്. ബക്കറ്റിൽ വെള്ളവുമായി പോയി കഞ്ഞണ്ണിച്ചെടികൾ നനക്കുന്നു.

"ഉമ്മ പോയേപ്പിന്നെ ഉപ്പ ഇങ്ങനാ. കുടയും ചൂടി പോയിനിന്ന് കഞ്ഞണ്ണിക്കു നനക്കും"

ഒതുക്കുകല്ലിറങ്ങുമ്പോ കുടയുമെടുത്ത് ഞങ്ങൾക്ക് പുറകെ ഉപ്പുപ്പയും വന്നു. മഴനനയാതിരിക്കാൻ കുട ഞങ്ങൾക്കുകൂടി നീട്ടിക്കൊണ്ട് ഉപ്പുപ്പ പറഞ്ഞു.

"കഞ്ഞണ്ണി ഉണങ്ങിപ്പോയാ ഓക്ക് എടങ്ങേറാ. ആകെ സുയിപ്പായി പോവൂലെ? എണ്ണക്ക് ഏൽപിച്ച ആൾക്കാരോട് എന്താ പറയാ?"

കോരിച്ചൊരിയുന്ന മഴയിലും അവിടെയൊക്കെ കാച്ചിയ എണ്ണയുടെ മണം നിറയുന്നത് ഞാനറിഞ്ഞു...

കവിത

# ചെത്തം

രാഘവൻ അത്തോളി

അയിത്തപ്പെട്ടു
പോകാതിരിക്കാൻ
ഞാനെന്നെത്തന്നെ
കഴുകിയെടുക്കുകയാണ്.

എത്ര തുടച്ചിട്ടും വെളുക്കാത്ത
ചില ദുർവിചാരങ്ങളുണ്ട്.


പൊരുത്തപ്പെട്ട്
പോകാമ്പറ്റില്ലാന്നവൾ
കരഞ്ഞു പറഞ്ഞിട്ടും
ഞാനെൻെറ
തേരു പായിക്കുവാൻ
അവളെത്തന്നെ
നുകത്തിൽ കെട്ടി.

കുതിരയല്ലാത്തതിനാൽ
വളഞ്ഞു പുളഞ്ഞ്
അവളിപ്പൊഴും
എന്നിൽത്തന്നെ
വരിഞ്ഞൊട്ടി നിൽക്കുന്നു.
അയിത്തപ്പെടാത്ത
വാക്കുകളിലാണമ്മ
എന്നെ
പെറ്റതെന്നാരുമറിഞ്ഞില്ല.

വായന

# കുശിനിക്കാരൻെറ കുമ്പസാരങ്ങൾ

നൊബേൽ സമ്മാന ജേതാവായ കസുവോ ഇഷിഗുറോയുടെ 'ദ റിമെയ്ൻസ് ഓഫ് ദ ഡേ' എന്ന നോവലിനെ കുറിച്ച്





ജേക്കബ് ഏബ്രഹാം

വിസ്മൃതികളുടെയും സ്മൃതികളുടെയും കഥകളാണ് ലോകസാഹിത്യത്തിലെ മികച്ച ഈടുവെപ്പുകൾ. വ്യക്തിയും ചരിത്രവും രാഷ്ട്രീയവും സ്ഥലരാശികളും സമയമാപിനികളും ഏറ്റുമുട്ടുന്ന വിചിത്രമായ പ്രഹേളികയായ ജീവിതത്തെ വീണ്ടെടുക്കലാണ് നല്ല സാഹിത്യം. ഓർമയുടെ സൂക്ഷ്മ അടരുകളിലൂടെ സഞ്ചരിച്ച് വിഭ്രമമായ ലോകങ്ങൾ തീർക്കുകയാണ് ഇത്തവണത്തെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിയ ബ്രിട്ടീഷ് എഴുത്തുകാരനും ജാപ്പനീസ് വംശജനുമായ കസുവോ ഇഷിഗുറോ.

1989ലെ മാൻ ബുക്കർ പ്രൈസ് നേടിയ ഈ എഴുത്തുകാരൻെറ 'ദ റിമെയ്ൻസ് ഓഫ് ദ ഡേ' എന്ന നോവൽ ലോകോത്തര ശ്രദ്ധനേടിയ കൃതിയാണ്. ലോകമെമ്പാടുമുള്ള വായനക്കാരുടെ ഹൃദയം കവർന്ന ഈ രചന 1993ൽ അഭ്രപാളിയിലുമെത്തി.

ലോർഡ് ഡാർലിങ്ടൻെറ കുശിനിക്കാരനായിരുന്നു സ്റ്റീവൻസ്. തൻെറ പിതാവിനെപ്പോലെ സൂക്ഷ്മതയും വിധേയത്വവുമുള്ള ഒരു ഇംഗ്ലീഷ് ബട്‌ലറാണ് അയാൾ. അടിമുടി കർക്കശക്കാരനായ, കുശിനിക്കാരനായ സ്റ്റീവൻസ് അതിഥിസൽക്കാര വേളകളിലും കുശിനിയിലും പ്രഭുവിന് ചേരുംവിധം ആതിഥ്യത്തിൻെറ അന്തസ്സും ആഭിജാത്യവും കാത്തുസൂക്ഷിക്കുന്നതിൽ ശ്രദ്ധാലുവായി പ്രഭുവിനെ മൂന്ന് പതിറ്റാണ്ടുകളോളം സേവിച്ചു. പ്രഭുവാകട്ടെ കുശിനിക്കാരൻെറ നിസ്തുലമായ സേവനത്തെ പ്രകീർത്തിക്കാതെ രണ്ടാം ലോകയുദ്ധകാലത്തെക്കുറിച്ചുള്ള ചൂടേറിയ ചർച്ചകളിലും രാഷ്ട്രീയനീക്കങ്ങളിലും വ്യാപരിച്ചിരുന്ന ഒരു നാസിപക്ഷപാതിയായിരുന്നു. പ്രഭുഭവനം മിക്കപ്പോഴും രാഷ്ട്രീയ ചർച്ചകളുടെ വേദിയുമായിരുന്നു.

നോവലാരംഭിക്കുമ്പോൾ തൻെറ പഴയ സഹപ്രവർത്തകയും വെലിങ്ടൺ പ്രഭുഭവനത്തിൻെറ സൂക്ഷിപ്പുകാരിയുമായിരുന്ന മിസ് കെൻറൻ എഴുതിയ ഒരു കത്ത് അയാളെ തേടിയെത്തുന്നു. പഴയകാലത്തെ ഓർമകൾ നിറഞ്ഞ ഒരു കത്ത്, ഒപ്പം തൻെറ ദാമ്പത്യത്തിലെ പൊരുത്തക്കേടുകളും കെൻറൻ കത്തിൽ സൂചിപ്പിച്ചിരുന്നു. കത്തു വായിക്കുന്നതോടെ സഹപ്രവർത്തകയെ കാണാനുള്ള അദമ്യമായ ആഗ്രഹം സ്റ്റീവൻസിൽ ഉടലെടുക്കുന്നു. താനവരെ പ്രണയിച്ചിരുന്നോ? അവർ തന്നെയോ? ഇല്ല. രണ്ടു നല്ല ജോലിക്കാർ തമ്മിലുള്ള ഊഷ്മളമായ ബന്ധം മാത്രമായിരുന്നു അത്. ഇങ്ങനെ പലവിധ ചിന്തകൾ അയാളെ വേട്ടയാടുന്നു. തൻെറ ഇപ്പോഴത്തെ യജമാനനായ മിസ്റ്റർ ഫാരഡേയുടെ കാറിൽ മിസ് കെൻറനെ കാണാനും കഴിയുമെങ്കിൽ ഫാരഡേയുടെ ഭവനത്തിലെ തൊഴിൽസംഘത്തിലേക്ക് ക്ഷണിക്കണമെന്നും വിചാരിച്ച് അയാൾ ഇംഗ്ലണ്ടിലെ ഗ്രാമപ്രദേശങ്ങൾ താണ്ടി ഒരു കാർ യാത്ര നടത്തുകയാണ്. യാത്രയിലുടനീളം മധുരിക്കുന്നതും കയ്പേറിയതുമായ പലവിധ ഓർമകൾ കുശിനിക്കാരനെ തേടിയെത്തുന്നു.




കസുവോ ഇഷിഗുറോ

യാത്രയുടെ അന്ത്യത്തിൽ ഇരുവരും കണ്ടുമുട്ടുന്നു. മിസ് കെൻറനിപ്പോൾ മിസിസ് ബെന്നാണ്. 20 വർഷമായ അവരുടെ വിവാഹജീവിതം ഒരു പരാജയമായിരുന്നെന്ന് സ്റ്റീവൻസ് അറിയുന്നു. എങ്കിലും അവർ ഭർത്താവിനൊപ്പം ജീവിച്ചു. മുത്തശ്ശീയെന്ന് വിളിക്കാനൊരാൾ ഉടനെയെത്തും. വെലിങ്ടൺ പ്രഭുഭവനത്തിലെ തങ്ങളുടെ നീണ്ട ഔദ്യോഗികജീവിതം ഇരുവരും ഓർത്തെടുക്കുന്നു. ഇടക്ക് നഷ്ടപ്പെട്ട പ്രണയം നഷ്ടപ്പെട്ട അവസരം എല്ലാം സ്റ്റീവൻസിനെ വേട്ടയാടുന്നു.

പഴയ സഹപ്രവർത്തകയെ കണ്ടു മടങ്ങുമ്പോൾ ദിവസത്തിൻെറ ബാക്കിപോലെ തൻെറ ജീവിതസായാം ഓർമകളാൽ വീണ്ടെടുക്കാൻ അയാൾ തീരുമാനിക്കുന്നു.

ആഭിജാത്യത്തിൻെറ വ്യാജ സങ്കൽപങ്ങൾ, ദീർഘസംഭാഷണങ്ങളും നഷ്ടപ്പെട്ട ദിവസങ്ങളും, വാർധക്യവും ഓർമകളും, പ്രണയം ഓർമകൾ, രാഷ്ട്രീയവും പക്ഷപാതിത്വവും തുടങ്ങി ഒരുപാട് ആശയങ്ങളിലേക്ക് സൂക്ഷ്മമായി പ്രവേശിക്കുന്ന കസുവോ ഇഷിഗുറോയുടെ ഈ ക്ലാസിക് നോവൽ സൽമാൻ റുഷ്ദി ഉൾപ്പെടെ നിരവധി എഴുത്തുകാരെ വിസ്മയിപ്പിച്ച രചന കൂടിയാണ്. ●

പുസ്തകം




**അയ്യപ്പപ്പണിക്കരുടെ തിരഞ്ഞെടുത്ത കവിതകൾ**

**അയ്യപ്പപ്പണിക്കർ**
**പേജ്: 303, വില: 290.00**
**ഡി.സി ബുക്സ്**


കാവ്യഭാവനയുടെ ഭിന്നവഴികളിലൂടെ സഞ്ചാരം ദൃശ്യമാകുന്ന കവിതകളുടെ സമാഹാരം. വ്യത്യസ്ത വൃക്ഷങ്ങളുടെയെന്ന് തോന്നിപ്പിക്കുന്ന കവിത പക്ഷേ, ഒന്നിൻെറ വൈവിധ്യമാർന്ന ശിഖരങ്ങളാകുന്നു.




**ആകാശവാണിക്കാലം (ഓർമ)**

**യു.എ. ഖാദർ**
**പേജ്: 128, വില: 125.00**
**പൂർണ പബ്ലിക്കേഷൻസ്**


തൃക്കോട്ടൂർ കഥകളിലൂടെ മലയാളിയെ വേറിട്ടൊരു ദേശത്തേക്ക് ആനയിച്ച യു.എ. ഖാദറിൻെറ ഓർമകളുടെ പുസ്തകം. ആകാശവാണിയിൽ ജോലിക്കെത്തിയശേഷമുള്ള അവിടത്തെ ഓർമകളാണ് ഇതിൻെറ ഉള്ളടക്കം.



**സീബ്രാലൈൻ (കവിത)**

**അനിൽ കെ. കുറുപ്പൻ**
**പേജ്: 72, വില: 100.00**
**സാകേതം പബ്ലിക്കേഷൻസ്**

നവീനമായ ബിംബങ്ങളും ഇമേജറികളും രൂപകങ്ങളുംകൊണ്ട് നിർവചിക്കാനാവാത്ത സമകാലിക ജീവിത സമസ്യകളെ നിർധാരണം ചെയ്യുന്ന കവിതകൾ.




**പഥേർ പാഞ്ചലി (നോവൽ)**

**ബിഭൂതിഭൂഷൻ ബന്ദോപാധ്യായ**
**വിവ. ലീല സർക്കാർ**
**പേജ്: 328, വില: 310.00**
**ഡി.സി ബുക്സ്**


സത്യജിത്ത് റായുടെ വിഖ്യാത ചലച്ചിത്രത്തിന് ആസ്പദമായ നോവൽ. ഇന്ത്യൻ ഗ്രാമജീവിതത്തിൻെറ നേർമുഖം കാണിക്കുന്ന ഈ കൃതി വിവിധ ലോകഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.




**കറുത്ത പാൽ (കവിത)**

**കൽപറ്റ നാരായണൻ**
**പേജ്: 104, വില: 100.00**
**മാതൃഭൂമി ബുക്സ്**


കവിതയിലൂടെ മാത്രം ആവിഷ്കൃതമാവുന്ന നിശ്ശബ്ദതകളാണ് കൽപറ്റ നാരായണൻെറ കവിതകൾ. സൂക്ഷ്മമായ സംവേദനക്ഷമത നൽകുന്ന കവിതകളാണ് ഇവയെല്ലാം.



**കാസർകോട് (കവിത)**

**സുറാബ്**
**പേജ്: 64, വില: 70.00**
**ഗ്രീൻ ബുക്സ്**


എഴുത്തുകാരനിലെ ആന്തരിക സഞ്ചാരത്തിൻെറ വേദനകൾ, സർഗവേദനയുടെ വിങ്ങലുകൾ, വിചാരങ്ങൾ എന്നിവ അടയാളപ്പെടുത്തുന്നു. വടക്കൻ മൊഴിയുടെ കാവ്യവഴികളും രേഖപ്പെടുത്തുന്നു.




**ദൈവക്കളി (കഥ)**

**അജിജേഷ് പച്ചാട്ട്**
**പേജ്: 166, വില: 160.00**
**ഡി.സി ബുക്സ്**

നാട്ടറിവുകളുടെ ബൗദ്ധിക പൈതൃകത്തെ അനുഭവാവിഷ്കാരമായി പകർത്തുന്ന കഥകൾ. ആശയങ്ങളിലും മനുഷ്യൻെറ ഭാവിയിലുമുള്ള വിശ്വാസത്തെ മറികടക്കുന്ന പത്തുകഥകൾ.



**ഇങ്ക്വിലാബ് (നോവൽ)**

**ഹംസ ആലുങ്ങൽ**
**പേജ്: 183 വില: 190.00**
**പു.ക.സ വണ്ടൂർ**

കിഴക്കൻ ഏറനാടിൻെറ ചോരപടർന്ന ചെറുത്തുനിൽപിൻെറ കഥ. സഖാവ് കുഞ്ഞാലിയുടെ ജീവിതത്തിൻെറ പശ്ചാത്തലത്തിൽ എഴുതപ്പെട്ട കൃതി.



വംശീയ ഉൻമൂലനത്തിൻെറ ശ്രീലങ്കൻ അവസ്ഥയെക്കുറിച്ച് മാത്രമല്ല, സമകാലിക ഇന്ത്യയെ കുറിച്ച് കൂടിയാണ് ടി.ഡി. രാമകൃഷ്ണൻെറ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' ആകുലതകൾ പങ്കുവെക്കുന്നത്. വയലാർ അവാർഡിൻെറ പശ്ചാത്തലത്തിൽ നോവലിസ്റ്റ് സംസാരിക്കുന്നു

ടി.ഡി. രാമകൃഷ്ണൻ
● ചിത്രം: അഷ്കർ ഒരുമനയൂർ

# സ്വപ്നങ്ങളുടെ ശവപ്പറമ്പിൽനിന്ന്

ടി.ഡി. രാമകൃഷ്ണൻ\ പി.പി. പ്രശാന്ത്

*കനവ് തുലൈന്തവൾ നാൻ*
*കവിതൈ മറന്തവൾ നാൻ*
*കാതൽ കരിന്തവൾ നാൻ*
*കർപ്പ് മുറിന്തവൾ നാൻ*
(സുഗന്ധി എന്ന ആണ്ടാൾ ദേവനായകി)

കത്തിയെരിയുന്ന കൊളംബിൽനിന്ന് ഒരു കാൽ സിഗിരിയയിലും അടുത്ത കാൽ ശ്രീപാദമലയിലും വെച്ച് കാന്തല്ലൂരിലേക്ക് ദേവനായകി നടക്കുകയാണ്... അവളുടെ ഉറക്കം കെടുത്തിയ, പ്രണയം കൊഴിച്ച, ചാരിത്ര്യം കവർന്നവരെ ചവിട്ടിമെതിച്ച്... അവൾ സുഗന്ധിയാണ്, ആണ്ടാളാണ്, രജനി തിരണഗാമയാണ്. ആയിരം ആണ്ടുകളിലായി നീണ്ടുനിവർന്നുകിടന്ന ചരിത്രവും വർത്തമാനവും മിത്തും ഒക്കെ കൂടിക്കുഴഞ്ഞ അതിസുന്ദര ആഖ്യാനത്തിലൂടെ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന നോവൽ മലയാളിക്ക് സമ്മാനിച്ചത് ആഹ്ലാദവും അമ്പരപ്പും കൂടിയാണ്. ദേവനായകി പരന്നൊഴുകിയത് ഇന്ത്യൻ മഹാസമുദ്രത്തോട് ചേർന്ന സിംഹളരാജ്യത്തും കാംബോജിയിലും കാന്തല്ലൂർ ശാലയിലുമൊക്കെ ആയിരുന്നല്ലോ. നമ്മോട് ചേർന്ന ദേശത്തിൻെറ അത്ര പരിചിതമല്ലാത്ത ചരിത്രം. ടി.ഡി. രാമകൃഷ്ണനെന്ന കഥാകാരൻ വരച്ചിട്ടത് വെറുമൊരു മിത്ത് മാത്രമല്ല, ഫാഷിസത്തിൻെറ മുന്നിൽ നിസ്സഹായരായ ഒരു ജനതയെ കൂടിയാണ്. ഇന്ത്യയുടെ സമകാലിക സംഭവങ്ങളോടുള്ള പ്രതികരണം കൂടിയാണ് നോവലെന്ന് എഴുത്തുകാരൻ പറയുമ്പോൾ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി എന്ന നോവൽ വെറുമൊരു പുസ്തകം മാത്രമല്ലെന്നും നിലപാട് കൂടിയാണെന്നും തിരിച്ചറിയുന്നു. വയലാർ അവാർഡ് നേടിയ ടി.ഡി. രാമകൃഷ്ണനുമായി നടത്തിയ സംഭാഷണത്തിൽ നിന്ന്.

**ശ്രീലങ്കൻ ആഭ്യന്തര യുദ്ധത്തിന് ശേഷമുള്ള അവസ്ഥയാണല്ലോ നോവലിൻെറ വിഷയം. തമിഴ്സ്വാധീനം എത്രത്തോളമുണ്ട് സുഗന്ധി എന്ന ആണ്ടാൾ ദേവനായകി എന്ന നോവലിന് പിന്നിൽ?**

തമിഴ് ഭാഷയോട് ചെറുപ്പത്തിലേ വല്ലാത്ത ഇഷ്ടമാരുന്നു. '80കളിലെ തമിഴ് സിനിമകൾ കണ്ടുവളർന്നതിൻെറ സ്വാധീനമായിരിക്കാം. ഇളയരാജയുടെ പാട്ടുകളും ഭാരതീരാജയുടെ ഫ്രെയ്മുകളും മുന്നോട്ടുനയിച്ച ചെറുപ്പമായിരുന്നു അത്. റെയിൽവേയിൽ ജോലി ചെയ്തത് കൂടുതലും തമിഴ്നാട്ടിലായിരുന്നു. വായിക്കാനുണ്ടായ ആർത്തികൊണ്ടാണ് തമിഴ് പഠിച്ചത്. ജോലി ചെയ്യേണ്ടി വന്നത് സേലം, ഈറോഡ് പോലുള്ള സ്ഥലങ്ങളിലായിരുന്നു. മറ്റ് ഭാഷയിലെ പ്രസിദ്ധീകരണങ്ങൾ കിട്ടാൻ പ്രയാസം. ആദ്യ നോവലായ 'ആൽഫ' വരുന്നത് 2003ലായിരുന്നു. ശേഷം ചെന്നൈയിൽ ജോലി ചെയ്തപ്പോഴാണ് ഒരുപാട് തമിഴ് എഴുത്തുകാരുമായി പരിചയപ്പെടാൻ സാഹചര്യമുണ്ടായത്. തമിഴ്സാഹിത്യത്തെക്കുറിച്ച് അധികം എഴുതിയത് 'മാധ്യമം' ആഴ്ചപ്പതിപ്പിലായിരുന്നു. എഴുത്തുകാരുമായി അഭിമുഖങ്ങൾ, രാഷ്ട്രീയ ലേഖനങ്ങൾ , സിനിമ നിരൂപണങ്ങൾ എന്നിവ സമകാലിക പ്രസിദ്ധീകരണങ്ങളിൽ മാറിമാറി എഴുതി.

**നോവലിന് നിമിത്തമായ പരിചയങ്ങൾ വിശദമാക്കാമോ?**


2004ൽ ചെന്നൈ ബുക്ക് ഫെയറിൽ എഴുത്തുകാരൻ ഷോഭാ ശക്തിയെ പരിചയപ്പെടാനിടയായതാണ് വഴിത്തിരിവായത്. 'മാധ്യമ'ത്തിനായി അദ്ദേഹത്തിൻെറ അഭിമുഖം തയാറാക്കി. അദ്ദേഹം ഒരു പുസ്തകം വായിക്കാൻ തന്നു. ശ്രീലങ്കയുടെ കലാപവഴികളും സിംഹളവംശീയതയും വിവരിക്കുന്ന അദ്ദേഹത്തിൻെറ 'മ്' എന്ന നോവലായിരുന്നു അത്. അത് മലയാളത്തിലേക്ക് മൊഴിമാറ്റം




ചെയ്യുമ്പോഴാണ് ശ്രീലങ്കൻ വിഷയവുമായി കൂടുതൽ അടുത്തത്. ഷോഭാ ശക്തിയെ വീണ്ടും കണ്ടു, ഓൺലൈനിൽ സംസാരിച്ചു. ഡി.ബി.എസ്. ജയരാജ്, ഫഹീമ ജഹാൻ തുടങ്ങിയവരുടെ ബ്ലോഗ് എഴുത്തുകളും നേരിട്ടുള്ള സംവാദങ്ങളും വിഷയവുമായി അടുപ്പിച്ചു. പല തമിഴ് ചിന്തകരുമായി നടത്തിയ സംഭാഷണത്തിൽ നിന്നാണ് പുതിയതലം വെളിപ്പെട്ട് വരുന്നത്. അതുവരെ സിംഹള പട്ടാളവും വിമോചനപ്പോരാട്ടവും ഈ രണ്ട് തലം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതിനിടയിൽ ജനാധിപത്യത്തിന് വേണ്ടി വാദിക്കുന്ന ഏറെ പേരുണ്ടെന്ന് മനസ്സിലാക്കുന്നു. വിപ്ലവവും ജനാധിപത്യവും പറയുന്നവരുടെ ഇടയിലെ ജനാധിപത്യവിരുദ്ധത വെളിപ്പെടുന്നു. ഈ സമയത്താണ് 'നോ മോർ ടിയേഴ്സ് സിസ്റ്റർ' എന്ന ഡോക്യുമെൻററി കാണാനിടയായത്. ഇതാണ് നോവലിലേക്കുള്ള വിത്തുകളിലൊന്നായി മാറിയത്. 1989ൽ ജാഫ്നയിൽ വെടിയേറ്റ് കൊല്ലപ്പെട്ട മനുഷ്യാവകാശപ്രവർത്തക ഡോ. രജനി തിരണഗാമയെക്കുറിച്ചുള്ള ഡോക്യുമെൻററി ആയിരുന്നു അത്. നോവൽ പൂർത്തിയായപ്പോൾ പുസ്തകം സമർപ്പിച്ചതും അവർക്കുതന്നെ. കഥക്കുള്ള സാധ്യതയൊന്നും അന്നും ഉള്ളിൽ വന്നിട്ടില്ല. ശ്രീലങ്കൻ വിഷയത്തോട് അമിത താൽപര്യം വന്നോ എന്ന സംശയം വരാനിടയാകുകയും വിഷയത്തിൽനിന്ന് മാറിനിൽക്കാൻ തീരുമാനമെടുക്കുകയും ചെയ്തത് അക്കാലത്തായിരുന്നു. ഫ്രാൻസിസ് ഇട്ടിക്കോര എന്ന പുസ്തകം ഈ കാലയളവിൽ പൂർത്തിയാക്കി.

**ഫ്രാൻസിസ് ഇട്ടിക്കോര അതിൻെറ ആഖ്യാനത്തിൽ ശ്രദ്ധ നേടിയ നോവലായിരുന്നു. സുഗന്ധിയിലേക്ക് തിരിച്ചുവന്ന സാഹചര്യം?**

ആൽഫ കഴിഞ്ഞ് എഴുതാൻ തീരുമാനിച്ച നോവലായിരുന്നു ഫ്രാൻസിസ് ഇട്ടിക്കോര. 2009ലാണ് അത് പുസ്തകമായത്. നാലഞ്ചുവർഷം അതിന് ചെലവിട്ടു. ശ്രീലങ്കൻ വിഷയത്തിൽ ഞാൻ നടത്തിയ അന്വേഷണങ്ങൾക്കൊപ്പം ഇട്ടിക്കോരയുടെ ചിന്തയും തുടർന്നിരുന്നു. ഇട്ടിക്കോര പുറത്തിറങ്ങുന്ന സമയത്ത് തന്നെയാണ് ശ്രീലങ്കയിൽ വേലുപ്പിള്ള പ്രഭാകരൻ മരിക്കുന്നത്. അത് വലിയ സംഭവമായിട്ടും നമ്മുടെ ഇടയിൽ കാര്യമായി ചലനമുണ്ടാക്കാത്തതിൽ



മാധ്യമം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച സുഗന്ധി എന്ന ആണ്ടാൾ ദേവനായകി നോവലിന് ഭാഗ്യനാഥ് തയാറാക്കിയ ചിത്രീകരണം

അദ്ഭുതം തോന്നി. വിഷയവുമായി ബന്ധപ്പെട്ട് 'പാഠഭേദം മാസിക'ക്ക് വേണ്ടി എഴുതിയപ്പോഴാണ് 'ഫിക്ഷൻ സാധ്യത'കൾ ബോധ്യപ്പെട്ടത്. പിന്നാലെ ഔട്ട്ലുക്കിൻെറ ഓണപ്പതിപ്പിൽ സുഗന്ധിയുടെ ചെറിയ നോവൽഭാഗം പ്രസിദ്ധീകരിച്ചു. 'മാധ്യമ'ത്തിൽനിന്ന് ആവശ്യപ്പെട്ടത് പ്രകാരം പ്രത്യേക നോവലെറ്റ് പതിപ്പിലേക്കായി സുഗന്ധി എഴുതിത്തുടങ്ങി. എന്നാൽ, എഴുതുന്തോറും വികസിച്ചുവരുന്ന കഥയുടെ പോക്ക് കണ്ടപ്പോൾ എനിക്ക് ഉറപ്പായി; ഇത് നോവലെറ്റായി ഒതുക്കാൻ പറ്റില്ല. അക്കാര്യം മാധ്യമത്തെ അറിയിച്ചു. ഒന്നര കൊല്ലത്തിന് ശേഷം 2014 ജനുവരിയിലാണ് 'മാധ്യമ'ത്തിൽ സുഗന്ധി പ്രസിദ്ധീകരിച്ച് തുടങ്ങിയത്.

**എഴുത്ത് വികസിച്ച രാഷ്ട്രീയ കാലാവസ്ഥ നിർണായകമാണല്ലോ. ശ്രീലങ്കയിൽ രാജപക്സ നല്ല ഭൂരിപക്ഷത്തിൽ അധികാരമേറ്റ കാലമായിരുന്നു അത്. എഴുത്തിനെ പ്രേരിപ്പിച്ച രാഷ്ട്രീയ സാഹചര്യം?**

രാജപക്സ ആഭ്യന്തരയുദ്ധം ജയിച്ചുകഴിഞ്ഞ ഉന്മാദ ാവസ്ഥയായിലായിരുന്നു. അത് കഴിഞ്ഞ് നടന്ന തെരഞ്ഞെടുപ്പിൽ വലിയ ജനപിന്തുണയും നേടി. തികഞ്ഞ ഏകാധിപതി ആയി രാജപക്സ. ഇതേത്തുടർന്നാണ് അടിയന്തരാവസ്ഥയും എതിർസ്വരങ്ങളെ ഇല്ലാതാക്കലുമൊക്കെ നടക്കുന്നത്. പത്രപ്രവർത്തകരെ വെടിവെച്ചുകൊല്ലുന്നു. പലരും അപ്രത്യക്ഷരാകുന്നു. എഴുത്തുകാരും മനുഷ്യാവകാശ പ്രവർത്തകരും പീഡിപ്പിക്കപ്പെടുന്നു. ഈ കാലഘട്ടത്തിൽ രാജപക്സയുടെ കുടുംബത്തിലുള്ള 39 പേർ ഭരണത്തിൻെറ പല സ്ഥലങ്ങളിലെത്തി. സ്പീക്കർ അമ്മാവനായിരുന്നു. ധനകാര്യ മന്ത്രാലയത്തിൽ സഹോദരൻ, മറ്റൊരാൾ പ്രതിരോധമന്ത്രി, ഇയാൾ അധികാരത്തിൽ വന്നപ്പോൾ സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്നവരെ ഇംപീച്ച് ചെയ്ത് പക്സയുടെ അഭിഭാഷകനെ ചീഫ് ജസ്റ്റിസാക്കി. ഗവൺമെൻറിൻെറ 70 ശതമാനം സമ്പത്ത് ഇവരുടെ കുടുംബക്കാരുടെ നിയന്ത്രണത്തിലായി. മറുഭാഗത്ത് എൽ.ടി.ടി.ഇയിൽ ജനാധിപത്യമില്ലാത്ത അവസ്ഥ വന്നു. എന്തിനും മാർഗം കൊലയായി.

ഇക്കാര്യങ്ങൾ വിശദീകരിച്ച ഓൺലൈൻ എഴുത്തുകൾ വായിച്ചുവന്നിരുന്നു. 'ഗ്രൗണ്ട് ന്യൂസ്' പോലെ നിഷ്പക്ഷ എഴുത്തുകളും സജീവമായിരുന്നു. തമിഴ്–കനേഡിയൻ ജേണലിസ്റ്റായ ഡി.ബി.എസ്. ജയരാജിൻെറ ബ്ലോഗ് നിഷ്പക്ഷമായിരുന്നു. അതിലൂടെ അവരുടെ പൊള്ളുന്ന ജീവിതാനുഭവം പങ്കുവെച്ചത് ഹൃദയത്തെ ഉലച്ചു. ഇവിടെ ഇന്ത്യയിൽ രണ്ടാം യു.പി.എ സർക്കാർ അഴിമതിയിൽ മുങ്ങിത്താഴുന്ന സമയമായിരുന്നു അത്. 2014 ജനുവരിയോടെ മോദി വർധിത ആവേശത്തിൽ വരാൻ പടയൊരുക്കം നടത്തുന്ന സമയം. ശ്രീലങ്കയുടെ രാഷ്ട്രീയ അവസ്ഥ മാത്രമല്ല, ഇന്ത്യയെക്കുറിച്ചുകൂടിയാണ് സുഗന്ധി പറയുന്നതെന്ന് നമുക്ക് എളുപ്പം പിടികിട്ടും. ശ്രീലങ്കയിൽ പക്സയുടെ ഭരണത്തിൽ പൊറുതിമുട്ടിയ അവരുടെ പാർട്ടിയിൽ തന്നെ എതിർപ്പ് വന്നതിനെത്തുടർന്നാണ് അധികാരത്തിൽ നിന്ന് പുറത്തായത്. ആ അനുഭവം അവർക്ക് പാഠമായി.

**കഥ നടക്കുന്ന ഇടവും ജീവിതവും 1000 വർഷം പിറകോട്ട് പായിച്ച് കഥ പറഞ്ഞതിനു പിന്നിലെ ചരിത്രചിന്ത എങ്ങനെയാണ് വന്നുചേർന്നത്?**

ശ്രീലങ്കയിലെ വെറും യുദ്ധദുരന്തം പറയുമ്പോൾ അതിൽ അത്ര എഴുത്തിൻെറ സാധ്യതകളില്ല. കഥയുടെ സാധ്യത തേടിയുള്ള അന്വേഷണമാണ് ചരിത്രത്തിലെത്തിച്ചത്. ആ സാധ്യത അന്വേഷിച്ചുള്ള പരതൽ കേരളം, ദക്ഷിണേന്ത്യ, ശ്രീലങ്ക, ഇന്തോനേഷ്യ, കംബോഡിയ വരെയെത്തി. അവിടത്തെ 1000 കൊല്ലം മുമ്പുണ്ടായിരുന്ന ചരിത്രം അന്വേഷിച്ചു. അതിന് കാരണമായത് ഒരു പേപ്പർ വായനയാണ്. വിഴിഞ്ഞം തുറമുഖ വികസനവുമായ ബന്ധപ്പെട്ട ലേഖനത്തിൽ 1000 വർഷം മുമ്പുണ്ടായിരുന്ന വിദ്യാഭ്യാസ–കച്ചവട കേന്ദ്രമായിരുന്ന കാന്തല്ലൂർ ശാലയെക്കുറിച്ച് പറഞ്ഞിരുന്നു. ആയ് രാജവംശത്തിലെ രാജാക്കന്മാരുടെ ആസ്ഥാനമാണിവ. അതിൽ ഫിക്ഷൻ സാധ്യത കണ്ടെത്തിയാണ് 1000 വർഷം പിറകോട്ടുള്ള ജീവിതം ചിന്തിച്ചും പഠിച്ചും നാളുകൾ നീക്കിയത്. എങ്ങനെയാവും അന്ന് ഈ രാജ്യങ്ങൾ ഉണ്ടാവുക എന്ന് ആലോചിച്ചുനോക്കി. ചരിത്രം കുറച്ച് ചികഞ്ഞുനോക്കിയപ്പോൾ അപ്രതീക്ഷിതമായി ഒരു പേര് കടന്നുവന്നു. അവസാനത്തെ അനുരാധപുരം രാജ്യത്തെ സിംഹള രാജാവ് മഹീന്ദൻ എന്നായിരുന്നു. ഇപ്പോൾ ഭരിക്കുന്ന മഹീന്ദ രാജപക്സ ആണല്ലോ എന്ന ചിന്തയാണ് കടന്നുവന്നത്. എ.ഡി 1000ത്തിനടുത്ത് 1000 കൊല്ലം മുമ്പായിരുന്നു മഹീന്ദൻ ഭരിച്ചിരുന്നത്. അന്നത്തെ ചരിത്രം അന്വേഷിച്ചു. അന്ന് കേരളം ഇല്ല, തമിഴകമാണ്. കാലത്തിൻെറ ഉള്ളിൽ പോയാൽ നാം ഭ്രമാത്മക ലോകത്തായിരിക്കും. നാം പ്രതീക്ഷിക്കാത്ത കുറെ സംഭവങ്ങൾ കയറിവരും. അങ്ങനെ എത്രയെഴുതിയാലും തീരാത്തത്ര പരന്നുകിടക്കുന്ന സമുദ്രത്തിന് നടുവിലായി ഞാൻ.

**ആണ്ടാൾ എന്ന മിത്ത് അതേപോലെ നോവലിൽ അവതരിപ്പിക്കുകയായിരുന്നോ?**

എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം പ്രധാന കാര്യം താൻ പറയുന്ന കാര്യം ആളുകളിൽ എത്തുക, അവരെ വായിപ്പിക്കുക എന്നതാണ്. അതുകൊണ്ടാണ് ആണ്ടാൾ എന്ന മിത്തിനെ കഥയിൽ കൊണ്ടുവന്നത്. ആ കഥാപാത്രം എന്നെ സ്വാധീനിക്കാൻ കാരണം 96–97 കാലഘട്ടത്തിൽ കവി സച്ചിദാനന്ദൻേറതായി വന്ന 'ആണ്ടാൾ പ്രണയത്തെക്കുറിച്ച് സംസാരിക്കുന്നു' എന്ന കവിതയാണ്. ആണ്ടാളിനെപ്പറ്റി ഒരു മിത്തേ ഉള്ളൂ. അത് 12ാം വയസ്സിൽ അവൾ രംഗനാഥനിൽ ലയിച്ചു എന്നതാണ്. എന്നാൽ, ആണ്ടാളിൻെറ തിരുപ്പാവൈയും നാച്ചിയാർ തിരുമൊഴിയും വായിച്ചാൽ ഇതിന് സാധ്യതയില്ലെന്ന് മനസ്സിലാവും. അത് മനസ്സിലാക്കിയാണ് സച്ചിദാനന്ദൻ മാഷ് കവിത എഴുതിയത്. അത്ര ശക്തമായ കവിതയായിരുന്നു അത്. ഈ കവിതയിൽനിന്നാണ് ആണ്ടാൾ ദേവനായകി എന്ന മിത്ത് വികസിക്കുന്നത്. അക്കാലത്തെ ശ്രീലങ്കൻ രാഷ്ട്രീയ സാഹചര്യവുമായി കൂട്ടിയിണക്കി ആണ്ടാളിനെ ചേർത്ത് ഞാൻ നോവലിൻെറ പരിസരമൊരുക്കുകയായിരുന്നു. ബാക്കിയൊക്കെ ഭാവനാ സൃഷ്ടിയാണ്.

**സിംഹള വംശീയത അടുത്തറിഞ്ഞ ആൾ സ്വാഭാവികമായും ഇന്ത്യയിലെ സമകാലിക രാഷ്ട്രീയ സാഹചര്യത്തിൽ ആശങ്കപ്പെടുന്നുണ്ടാകും ?**

ഇന്ത്യയിലെ സമകാലിക രാഷ്ട്രീയത്തോടുള്ള എൻെറ പ്രതികരണമാണ് സുഗന്ധി എന്ന നോവൽ. വംശീയ ഫാഷിസത്തിൻെറ ഉള്ളിൽതന്നെ കുടുങ്ങുന്ന അവസ്ഥയിലാണ് സുഗന്ധി പുറത്തുവരുന്നത്. നമ്മുടെ സമൂഹത്തിന് നേരെ കൂടി പിടിക്കുന്ന കണ്ണാടിയാണ് ആ നോവൽ. ഇന്ത്യ നോക്കിക്കാണേണ്ട കണ്ണാടി. ശ്രീലങ്കയിൽ രാജപക്സ എതിർസ്വരങ്ങളെ ഉന്മൂലനം ചെയ്യുകയായിരുന്നു. ഈ ഉന്മൂലന സിദ്ധാന്തം തന്നെയായിരുന്നു എൽ.ടി.ടി.ഇക്കും. ഇടക്ക് സമാധാനം സ്ഥാപിക്കാനെന്ന പേരിലെത്തിയ മീഡിയേറ്റേഴ്സും മോശമായിരുന്നു. എല്ലാവരും തുല്യ കുറ്റവാളികളാണ്. നമ്മുടെ രാജ്യത്ത് വർഗീയ ഫാഷിസം അതിതീവ്ര അവസ്ഥയിലാണ്. 2019 തെരഞ്ഞെടുപ്പിന് ശേഷം മറ്റൊരു തെരഞ്ഞെടുപ്പുപോലും നടന്നുകൊള്ളണമെന്നില്ല. ഇപ്പോഴുള്ള പോലെ സംസാരിക്കണമെന്നില്ല. നമുക്ക് സ്വാതന്ത്ര്യം ഉറപ്പുനൽകുന്ന ഭരണഘടന അതേപോലെ നിലനിൽക്കണമെന്നില്ല. ഞാൻ എന്ന എഴുത്തുകാരൻ വായനക്കാരെപ്പോലെത്തന്നെ നിസ്സഹായനാണ്. അങ്കലാപ്പിലാണ്. പ്രശ്നപരിഹാരങ്ങൾക്ക് എൻെറ കൈയിൽ മാന്ത്രിക ദണ്ഡില്ല. പക്ഷേ, ഇന്നത്തെ സാമൂഹിക അവസ്ഥ തീർച്ചയായും ആശങ്കപ്പെടുത്തുന്നു.

**പുതിയ നോവൽ...?**

ഷാജി എം. കരുണിൻെറ സംവിധാനത്തിൽ ' ഓള്' എന്ന സിനിമയുടെ സ്ക്രിപ്റ്റ് എഴുതി. ഷൂട്ടിങ് കഴിയാറായി. ഒരു നോവൽ മനസ്സിലുണ്ട്. എഴുതണം.

**കുടുംബം?**

ഭാര്യ ആനന്ദവല്ലി വീട്ടിൽ തന്നെയുണ്ട്. മകൻ: വിഷ്ണുവിന് പുണെ ഐ.ബി.എമ്മിൽ ജോലി . മകൾ സൂര്യ: മദ്രാസ് ഐ.ഐ.ടിയിൽ പിഎച്ച്.ഡി ചെയ്യുന്നു.

